# Carmalkites of Mary Immaculate

# ഭരണസേവനവും പ്രാർത്ഥനാജീവിതവും

**Department of Fromation**
**Prior General's House**
**Cochin - 682 001**

## ആമുഖം

1. നമ്മുടെ ഭരണാധികാരികളിൽ പ്രാർത്ഥനാജീവിതത്തിന്റെ ഉന്നത നിലവാരം ആവശ്യമാണ്. കാരണം, അവർ സമൂഹത്തിന്റെ ഉത്തേജകരാണ് (Amimators). നേതാക്കളാണ് (Leaders), ശുശ്രൂഷകരാണ് (Servants), പ്രാർത്ഥനാജീവിതം സമൂഹത്തിന് അനുഭൂതിദായകരമാക്കാൻ മാർഗ്ഗദർശനവും (Guidance), മാതൃകയും (Example) നൽകേണ്ടവരാണ്.

2. നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ സുപ്രധാന ഘടകങ്ങൾ –ഉപാസന (Spousal Prayer), ഔദ്യോഗിക പ്രാർത്ഥന (Professional Prayer), പ്രവർത്തനമാകുന്ന പ്രാർത്ഥന (Occupational Prayer), എന്നിവ – മൂന്നും നമ്മുടെ പ്രത്യേക ശ്രദ്ധാവിഷയങ്ങളാകണം.

3. നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ നാം നിഷ്കർഷിക്കേണ്ട മൂന്ന് പ്രത്യേക ആഭിമുഖ്യങ്ങളുണ്ട്.

   1) പ്രേഷിതാഭിമുഖ്യം

   2) മദ്ധ്യസ്ഥാഭിമുഖ്യം

   3) കർമ്മലാഭിമുഖ്യം

ഇവയാണ് ഈ പ്രബന്ധത്തിന്റെ മൂന്ന് ഭാഗങ്ങൾ. രണ്ടാമത്ത ഭാഗത്ത് നമ്മുടെ ദിവ്യബലിയെപ്പറ്റിയും മൂന്നാമത്തെ ഭാഗത്ത് കർമ്മല സിദ്ധിയെപ്പറ്റിയും പറയുന്നവയ്ക്ക് കൂടുതൽ വിശദീകരണം ആവശ്യമാണെന്നു തോന്നിയതുകൊണ്ട്, "നമ്മുടെ ദിവ്യബലി", ''കർമ്മസിദ്ധി" എന്ന തലക്കെട്ടുകളിൽ രണ്ട് അനുബന്ധങ്ങൾ അവസാനം ചേർത്തിട്ടുണ്ട്.

**Rev. Fr. Canisius CMI**

# ഭാഗം 1

നമ്മുടെ സഭാധികരികളിൽ പ്രാർത്ഥനാജീവിതത്തിന്റെ സമുന്നതല നിലാവരം ആവശ്യമാണ്. കാരണം, അവർ സമൂഹത്തിന്റെ ഉത്തേജകരാണ് (Animators), നേതാക്കളാണ് (Leaders), ശുശ്രൂഷകരാണ് (Servants), പ്രാർത്ഥനാജീവിതം സമൂഹത്തിന് അനുഭൂതിദായകമാകാൻ മാർഗ്ഗദർശനവും (Guidance) മാതൃകയും (Example) നൽകേണ്ടവരാണ്.

## I സഭാധികാരികൾ സമൂഹത്തിന്റെ ഉത്തേജകർ

ആറാം പൗലോസ് പാപ്പാ പറഞ്ഞു: "ഇന്ന് ആരുംതന്നെ സ്വമനസ്സാ അദ്ധ്യാപകരെ ശ്രവിക്കുന്നില്ല. വല്ലവരും അവരെ ശ്രവിക്കുന്നുണ്ടെങ്കിൽ അത് അവർ അദ്ധ്യാപകരായതുകൊണ്ടാമ്" എന്ന്. പ്രാർത്ഥനാജീവിതത്തിൽ മാത്രമല്ല, ആദ്ധ്യാത്മികതയിൽ പൊതുവേ, സമൂഹത്തിന് ഉത്തേജനം നൽകേണ്ടവരാണല്ലോ ഭരണാധികാരികൾ. അവരെ സംബന്ധിച്ച് ഇന്ന് ഇളയസഹോദരന്മാർക്ക് ഒരു ആക്ഷേപമുണ്ട്. കീഴുള്ളവർ, പ്രാർത്ഥനയുടെ മനുഷ്യരാകണമെന്ന് അധികാരികളും ഗുരുഭൂതന്മാരും, സമയത്തും അസയമത്തും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കും. പക്ഷെ അവരെത്തന്നെ പ്രാർത്ഥനയുടെ മനുഷ്യരായി കാണുവാൻ കീഴുള്ളവർക്കു കഴിയുന്നില്ല. ഇതാണ് അവരുടെ ആക്ഷേപം.

പഠിപ്പിക്കുന്നവർ തീർച്ചയായും പഠിപ്പിക്കുന്നത് പ്രവർത്തിക്കുന്നവരായിരിക്കണം. സുവിശേഷത്തിലെ ഉദ്ബോധനങ്ങൾ സ്വജീവിതത്തിൽ പ്രകാശിപ്പിച്ചുകാണിച്ചാലേ, സുവിശേഷരഹസ്യം പ്രസംഗിക്കുവാനുള്ള ആധികാരികതയും ധൈര്യവും വാചാലതയും തനിക്കു സ്വായത്തമാകൂ എന്ന ബോധ്യത്തോടുകൂടിയാണ് വി. പൗലോസ് എഫേസ്യരുടെയും കൊളോസ്യരുടെയും പ്രാർത്ഥനാസഹായം അപേക്ഷിച്ചത് (Eph. 6: 18-20, Col. 4: 2).

അധികാരികൾ പിതാക്കന്മാരുടെയും വിശുദ്ധരുടെയും സർവ്വോപരി ഈശോയുടെയും മാതൃക എടുത്തുകാണിച്ചുകൊണ്ട്, പ്രാർത്ഥനാജീവിതത്തിൽ തങ്ങളുടെ സമൂഹത്തിന് ഉത്തേജനം നൽകാൻ ഉദ്യമിക്കുമ്പോൾ, "പിതാക്കന്മാരെയും

വിശുദ്ധരെയും ഈശോയേയും ഞങ്ങൾക്കറിയാം. നിങ്ങൾ ആരാണ്?" എന്ന വെല്ലുവിളി സമൂഹാംഗങ്ങളുടെ മനസ്സിൽ ഉയരാൻ ഇടയാകുന്നുവെങ്കിൽ (Cfr. Acts. 19N 11-16) അത് കേവലം സ്വാഭാവികമാണ്. അധികാരികളിൽ പ്രാർത്ഥനാജീവിതത്തിന്റെ സമുന്നത നിലവാരം ദൃശ്യമായേ തീരൂ എന്ന് സിദ്ധം.

അതേസമയം നമ്മുടെ സമൂഹത്തിന്റ പ്രാർത്ഥനാജീവിതം അകൃത്രിമവും ലളിതവും വ്യക്തിഗതവും സർഗ്ഗാത്മകവും ആകുന്നതിന് അധികാരികളിൽ മുൻപറഞ്ഞ മുൻകരുതലുണ്ടായാൽ മാത്രം പോരാ; നമ്മുടെ പ്രാർത്ഥനാജീവിതശൈലിയിൽതന്നെ, സ്വല്പം മാറ്റം വരുത്തേണ്ടതുണ്ട് എന്നാണ് എന്റെ എളിയ അഭിപ്രായം. എന്റെ വ്യക്തിപരമായ അനുഭവം പങ്കുവെച്ചുകൊണ്ട് അത് വിശദീകരിച്ചുകൊള്ളട്ടെ.

**അനുഭവസാക്ഷ്യം:**

പതിമൂന്നാം വയസ്സിൽ ഞാൻ എൽത്തുരുത്ത് ബോർഡിംഗ് ഹൗസിൽ താമസിച്ചു പഠിക്കുവാൻ തുടങ്ങി. അവിടെ അന്ന് ദിവസേന ദിവ്യകാരുണ്യ സന്നിധിയിൽ ദീർഘസമയം ആരാധനയിൽ ലയിച്ചിരുന്ന വലിയ മിഖായേലച്ചൻ എന്റെ ശ്രദ്ധയെ അതിമാത്രം ആകർഷിച്ചു. പിന്നീട് അമ്പഴക്കാട് നൊവിഷ്യേറ്റിൽവെച്ച് വേറൊരു പ്രാർത്ഥനയുടെ മനുഷ്യനെ ഞാൻ കണ്ടുമുട്ടി – ഞങ്ങളുടെ ഗുരുവായിരുന്ന ബ. ബർത്തുൽമൈ അച്ചൻ തന്നെയായിരുന്നു അത്. അദ്ദേഹത്തിന്റെ ഇരിപ്പും നോട്ടവും സംസാരവുമെല്ലാം സദാ ദൈവസന്നിധിയിൽ വ്യാപരിക്കുന്ന ഒരു മനുഷ്യന്റെ ചിത്രമാണ് ഞങ്ങൾക്കു നൽകിയിരുന്നത്. ഒരു ദിവസം രാത്രിയുടെ നിശബ്ദ നിമിഷങ്ങളിൽ – പതിനൊന്നു മുതൽ പന്ത്രണ്ടുമണിവരെ – അദ്ദേഹം മുറിത്തട്ടിൽ ഒരു ചെറിയ വിളക്ക് കത്തിച്ചുവെച്ച് സക്രാരിക്ക് അഭിമുഖമായിരുന്ന് പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടു. പിന്നീട് കൂട്ടുകാരിൽനിന്ന് എനിക്കു മനസ്സിലായി. അത് അദ്ദേഹത്തിന്റെ അനുദിന പരിപാടികളിൽ ഒന്നായിരുന്നുവെന്ന്. അതൊഴിച്ചാൽ യോഗാർത്ഥികാലം മുതൽ പട്ടമേൽക്കുന്നവതുവരെ, മണിയടിക്കുമ്പോൾ കൂട്ടുപ്രാർത്ഥനകളും ധ്യാനവുമെല്ലാം നിർവ്വഹിക്കുന്നവരെ

മാത്രമേ ഞാൻ കണ്ടിട്ടുള്ളുവെന്നു തോന്നുന്നു.

പക്ഷേ പട്ടമേറ്റതിനുശേഷം, കാന്റി പേയ്പ്പൽ സെമിനാരിയിൽ ഉപരിപഠനത്തിനായി ചെന്നപ്പോൾ, അവിടെ ഒരു വ്യത്യസ്ത സംവിധാനം കാണുവാൻ ഇടയായി. എല്ലാവരും - അധികാരികളും ഗുരുഭൂതന്മാരും വിദ്യാർത്ഥികളും - പ്രാർത്ഥനയ്ക്കും ദിവ്യകാരുണ്യ സന്നിധിയിലെ ഉപാസനയ്ക്കും പ്രഥമ പ്രധാന്യം കൊടുത്തിരുന്ന ഒരു സമൂഹം. അവിടെ ധ്യാനത്തിനും, ആത്മശോധനയ്ക്കും കൊന്തയ്ക്കും, യാമപ്രാർത്ഥനകൾക്കും പ്രത്യേകം പ്രത്യേകം മണിയടിക്കാറില്ല. ത്രികാലജപം, സമൂഹത്തിനുവേണ്ടിയുള്ള ദിവ്യബലി, മൗനം, ക്ലാസുകൾ, ഭക്ഷണം എന്നിവക്കേ മണിയടിക്കാറുള്ളു. ക്ലാസ് സമയത്തിനു പുറമേ, എപ്പോൾ നോക്കിയാലും കപ്പേളയിൽ ധാരാളം ആളുകൽ കാണും - അധികാരികൾ, ഗുരുക്കന്മാർ, വിദ്യാർത്ഥികൾ എന്ന വ്യത്യാസം കൂടാതെ. ആ പരിശുദ്ധമായ നിശബ്ദതയിൽ, ചിലർ കൊന്ത ജപിക്കുന്നു. മറ്റു ചിലർ യാമപ്രാർത്ഥന നടത്തുന്നു; വേറെ ചിലർ ധ്യാനത്തിലും ഉപാസനയിലും ലയിച്ചിരിക്കുന്നു. രാത്രി ആത്മശോധന കഴിഞ്ഞ് കപ്പേളയിൽനിന്ന് ഓരോരുത്തരായി പോകുന്നതു കണ്ടാൽ വളരെ വൈമനസ്യത്തോടെയാമ് അവർ ദിവ്യകാരുണ്യ സന്നിധിയിൽനിന്ന് വിടവാങ്ങുന്നതെന്നു തോന്നും. നടുവിൽ ചെന്ന് ദീർഘനേരം സാഷ്ടാംഗം നമുക്ക് രണ്ട് മുട്ടുംകുത്തി ആരാധിച്ചുപോകുന്നവരാണ് മിക്കവരും. അതുകഴിഞ്ഞ് പോകുന്നത് പുറത്തുള്ള ഗ്രോട്ടോയിലെ മാതൃസന്നിധിയിലേക്കാണ്. അവിടെ പുത്രസഹജമായ ഭക്തിയോടെ ദീർഘനേരം ചെലവഴിക്കുന്ന വിദ്യാർത്ഥികളുടെ മദ്ധ്യേ അധികാരികളെയും ഗുരുഭൂതന്മാരെയും കാണാം. അമ്മയോടു യാത്രപറഞ്ഞ് ഉറങ്ങുവാൻ പോകുന്ന മക്കൾ.

രാവിലെ കാപ്പി കഴിഞ്ഞാൽ മറ്റു കാര്യങ്ങൾക്കുമുമ്പായി മിക്കവും പരി. കന്യകയുടെയും തിരുഹൃദയത്തിന്റെയും ഗ്രോട്ടോകൾക്കു മുന്നിലെത്തും. അവിടെ മൗനമായി നിന്ന് പ്രാർത്ഥിച്ച് ദിനകൃത്യങ്ങൾക്കായി വിടവാങ്ങുന്ന കാഴ്ച ഹൃദയസ്പർശിയായിരുന്നു.

ആ സമൂഹാംഗങ്ങളിൽ എവിടെയും എപ്പോഴും ആത്മാർത്ഥ തയുടെയും നൈസർഗ്ഗികമായ ലൗളിത്യത്തിന്റെയും ഹൃദ്യമയ കൂട്ടായ്മയുടെയും ചൈതന്യം സജീവമായിരുന്നു. ഭക്തി യെയോ ആദ്ധ്യാത്മികതയെയോ തമാശയ്ക്കുവേണ്ടിപോലും താഴ്ത്തിപ്പറയുന്ന ഒരു വാക്കും അവിടെ കേട്ടിട്ടില്ല. (വിദ്യാർത്ഥി കളെല്ലാവരുംതന്നെ ഇന്ത്യയുടെയും സിലോണിന്റെയും വിവിധ രൂപതകളിൽനിന്ന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരും , തന്മൂലം പഠനത്തിലും സംസ്കാരത്തിലും ആദ്ധ്യാത്മികത യിലും മികച്ചുനിന്നിരുന്നവരുമായിരുന്നുവെന്ന വസ്തുതയും സ്മർത്തവ്യമാണ്.

ആ സമൂഹത്തിൽ ഒരാഴ്ച താമസിച്ചു കഴിഞ്ഞപ്പോൾ നമ്മുടെ യോഗാർത്ഥി ഭവനം മുതൽ പരിചയിച്ച പ്രാർത്ഥനാ ജീവിതത്തിൽനിന്നും വ്യത്യസ്തമായ, അതായത് മണിയടിക്കു മ്പോൾ ധ്യാനവും, വിസീത്തായും, യാമപ്രാർത്ഥനകളും, ആത്മ ശോധനയും, കുർബ്ബാനയും ഉപകാരസ്മരണയും കൂട്ടമായി നടത്തി, മട്ടുകേൾക്കുമ്പോൾ ഒരുമിച്ച് എഴുന്നേറ്റ് ഒരുമിച്ച് ആചാരം ചെയ്തുപോരുന്ന പ്രാർത്ഥനാജീവിതത്തിൽനിന്നു വ്യത്യസ്തമായ ഒരു നൈസർഗ്ഗികതയും ഹൃദ്യതയും പ്രാർത്ഥ നാജീവിതത്തിനു ലഭിക്കുന്ന പ്രഥമ പ്രാധാന്യവും കൂട്ടായ്മ യുടെ ആത്മാർത്ഥതയും ആത്മാർത്ഥയും എന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു.

## പരിചിന്തനത്തിനൊരു വിഷയം

1) നമ്മുടെ പരിശീലന ഭവനങ്ങളിലും ആശ്രമങ്ങളിലും മണി യടികൾ കുറച്ച് കൂട്ടപ്രാർത്ഥനകൾക്കു മുമ്പും അവ കഴിഞ്ഞും കുറെ സമയം തിരുസന്നിധിയിൽ കഴിയുന്ന തിനുള്ള സ്വാതന്ത്ര്യം നൽകുന്ന സംവിധാനം നമ്മുടെ പ്രാർത്ഥനാജീവിതം കുറെക്കൂടി ലളിതവും വ്യക്തിഗതവും സർഗ്ഗാത്മകവുമാകാൻ സഹായിക്കുകയില്ലേ? തനിച്ചു കഴി യേണ്ട പ്രാർത്ഥനകൾ - കൊന്ത, ആത്മശോധന, തനിച്ചു ചൊല്ലേണ്ട യാമപ്രാർത്ഥനകൾ - തിരുസന്നിധിയിൽ നട ത്താൻ സാധിക്കണം.

"ഭവനങ്ങളിൽ രണ്ടോമൂന്നോ പേർ മാത്രം. മിഷൻ സ്റ്റേഷ

നുകളിൽ അതിലും കുറച്ചുപേർ ” എന്ന പരിതസ്ഥിതിയിലേക്കു നീങ്ങുന്ന ഈ കാലസന്ധിയിൽ പ്രാർത്ഥനയുടെ പ്രഥമ പ്രാധാന്യത്തെപ്പറ്റിയുള്ള അവബോധവും, പ്രാർത്ഥന കൂടുതൽ വ്യക്തിഗതവും സർഗ്ഗാത്മകവുമാക്കുവാനുള്ള സാധ്യതയും പരിശീലനകാലത്തുതന്നെ സംലഭ്യമാക്കുവാൻ മുൻപറഞ്ഞ സംവിധാനം സഹായകമാവുകയില്ലേ?

നമുക്കെല്ലാവർക്കും പ്രിയങ്കരനും, ഒരു മാതൃകാ സന്യാസിയുമായിരുന്ന കാച്ചപ്പിള്ളി ബ. പത്രോസ് സഹോദരൻ എന്നും വ്യഗ്രതനിറഞ്ഞ ജോലികളിൽ ഏർപ്പെടേണ്ടിവന്ന ആളായിരുന്നു. ആശ്രമത്തിൽനിന്നും അകലെ, ജോലിയിൽ ഏർപ്പെട്ടിരുന്ന സമയത്തും അദ്ദേഹം കൂട്ടപ്രാർത്ഥനയ്ക്ക് കൃത്യമായി വന്നുചേർന്നിരുന്നു. സമയത്തെക്കുറിച്ചുള്ള ഉത്കണ്ഠ കുറയ്ക്കാമല്ലോ എന്നു കരുതി ഒരു സുപ്പീരിയർ അദ്ദേഹത്തിന് ഒരു വാച്ച് വാങ്ങിക്കൊടുക്കുവാൻ തീരുമാനിച്ചു. വിവരം അറിഞ്ഞപ്പോൾ വാച്ച് ഉപയോഗിക്കുവാൻ തന്നെ നിർബന്ധിക്കരുതെന്ന അഭ്യർത്ഥനയാണ് ബ്രദറിൽനിന്നുണ്ടായത്. കൂട്ടപ്രാർത്ഥനകൾക്കു വന്നുചേരാൻ അത്തരമൊരു സഹായം തനിക്ക് ആവശ്യമില്ലെന്നും, ചെറുപ്പത്തിലെതന്നെ പ്രാർത്ഥനയുടെ പ്രഥമ പ്രാധാന്യബോധം തന്റെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരുന്നതുകൊണ്ട് അതിനുള്ള മുൻകരുതൽ ഏതു ബഹളത്തിലും തനിക്ക് സ്വാഭാവികമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. വാച്ചിന്റെ ഉപയോഗം ഒരു പക്ഷെ, സമയത്തെപ്പറ്റിയുള്ള സുനിശ്ചിതത്വം വഴി പ്രർത്ഥനയെപ്പറ്റിയുള്ള മുൻപറഞ്ഞ അവബോധവും മുൻകരുതലും മാറ്റി, ഒരുവിധ യാന്ത്രികതയിലേക്കു തന്നെ നയിച്ചേക്കുമെന്ന ഭയവും ബ്രദർ പ്രകടിപ്പിക്കുകയുണ്ടായി...

2) പരിശുദ്ധ കന്യകയുടെയും തിരുഹൃദയത്തിന്റെയും ഗ്രോട്ടോകൾ, ജപമാല പ്രദക്ഷിണങ്ങൾ, തീർത്ഥകേന്ദ്രങ്ങളുടെ സന്ദർശനം, അവിടെയുള്ള ഭക്താനുഷ്ഠാനങ്ങൾ, ദിവ്യപൂജ, അവയിലെല്ലാം അധികാരികളുടെയും ഗുരുക്കന്മാരുടെയും ഭാഗഭാഗിത്വം എന്നിവയെല്ലാം പ്രാർത്ഥനാജീവിതത്തിൽ ചെലുത്തുന്ന വശ്യശക്തി നിസ്തുലമാണ്. ഈ

വസ്തുത ഉത്തേജകസംരംഭങ്ങളിൽ അതർഹിക്കുന്ന ഗൗരവത്തോടെ നമ്മുടെ സഭാധികാരികളെല്ലാവരും പരിഗണിക്കാൻ ഇടയാക്കണമേ എന്ന് സർവ്വശക്തനോടഭ്യർത്ഥിക്കുന്നു.

## II സഭാധികാരികൾ സമൂഹത്തിന്റെ നേതാക്കൾ

സമൂഹത്തിന്റെ നേതാവാണ് സുപ്പീരിയർ. നമ്മുടെ സമൂഹം ദൈവക്കമളുടേതാണ്. അതിന്റെ ഭരണം ഏകാധിതപ്യമോ ജനാധിപത്യമോ അല്ല, പ്രത്യുത ദൈവാധിപത്യമാണ് (Theocracy).

പഴയ ഉടമ്പടി ആരംഭിച്ചത് ദൈവാധിപത്യത്തിലാണ്. ഞാൻ നിങ്ങളുടെ ദൈവം, നിങ്ങൾ എന്റെ ജനം എന്നതായിരുന്നു അതിന്റെ അടിസ്ഥാന ബന്ധം. പക്ഷേ, കാലാന്തരത്തിൽ രാജാധിപത്യത്തിലേക്കു നീങ്ങി. ദൈവാധിപത്യത്തിന്റെ പൂർണ്ണരൂപമാണ് പുതിയ ഉടമ്പടി. "ദൈവം നമ്മുടെ പിതാവ്, നാം അവിടുത്തെ മക്കൾ" - ഇതാണ് പുതിയ ഉടമ്പടിയുടെ അടിസ്ഥാന ബന്ധം (Cfr. the research studies on the "Convenant" by our brethren - Frs. P. Kalluveettil and A. Edanad).

പഴയ ഉടമ്പടിയുടെ ആദ്യത്തെ നേതാവായ മൂശയെ കർത്താവ് അതിനായി നിയോഗിച്ചപ്പോൾ, മൂശ തനിക്ക് വാചാലതയില്ലെന്ന ന്യായം കാണിച്ച്, ഒഴിയുവാൻ പരിശ്രമിച്ചു. വാചാലതയുടെ പോരായ്മക തീർക്കുവാൻ അദ്ദേഹത്തിനു സഹായിയായ അഹറോനെ നൽകി. നേതാവ് മൂളതന്നെ ആയിരിക്കണമെന്ന് കർത്താവിന് നിർബന്ധമായിരുന്നു. "ഞാൻ നിന്നോട് സംസാരിക്കും; നീ അഹറോനോടു സംസാരിക്കുക; അഹറോൻ ജനങ്ങളോടു സംസാരിക്കട്ടെ" (Cfr. Ex 4: 15-16) ഇതായിരുന്നു അവസാന നിശ്ചയം. കർത്താവ് മൂശയിൽ കണ്ട നേതൃത്വഗുണം എന്തായിരുന്നുവെന്ന് പിന്നീടൊരവസരത്തിൽ, ദൈവത്തിന്റെ വാക്കുകൾ സ്പഷ്ടമാക്കി. സീനായി ഉടമ്പടിക്കു ശേഷം ജനം കാദേശിലേക്കു യാത്രതിരിച്ചു. യാത്രമാദ്ധ്യേ, "ഹസെറോത്ത" (Hazeroth) എന്ന സ്ഥലത്ത് കൂടാരമടിച്ച അവസരത്തിൽ, അഹറോനും മറിയവും മൂശയെപ്പറ്റി അവജ്ഞാപൂർവ്വം സംസാരിക്കാൻ ഇടയായി. അവർ മൂന്നുപേരെയും, കർത്താവ് തൽക്കാല കൂടാരത്തിലേക്കു വിളിച്ചു. അവിടുന്ന്

അഹറോനോടും, മറിയത്തോടുമായി പറഞ്ഞു: താൻ പ്രാചക രോടു സംസാരിക്കുക സ്വപ്നത്തിലോ ദർശനത്തിലോ ആയ രിക്കും; പക്ഷേ തന്റെ ദാസനായ മൂശയോട് മുഖാഭിമുഖമാണ് സംസാരിക്കുക എന്ന് "എന്റെ ദാസനായ മൂശയെ എന്റെ ഭവ നത്തിന്റെ മുഴുവൻ ചുമതലയും ഏല്പിച്ചിരിക്കുന്നു. അവ്യ ക്തമായിട്ടില്ല, സ്പഷ്ടമായി, മുഖാഭിമുഖം ഞാൻ അവനോടു സംസാരിക്കുന്നു". തുടർന്ന് അവിടുന്ന് അവരോടു ചോദിച്ചു: "അങ്ങനെയിരിക്കെ, എന്റെ ദാസനായ മൂശക്കെതിരായി സംസാരിക്കാൻ. നിങ്ങൾ എന്തുകൊണ്ട് ഭയപ്പെട്ടില്ല" (Num. 12O 1-8). ദൈവകോപത്തിന്റെ ഫലമായി, മറിയം കുഷ്ഠരോ ഗബാധിതയായി. മൂശയുടെ പ്രാർത്ഥന കേട്ട്, കർത്താവ് അവളെ സുഖപ്പെടുത്തുകയും ചെയ്തു.

മൂശയോടു തനിക്ക് മുഖാഭിമുഖം സംസാരിക്കാമെന്നതാ ണ്, അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ ചുമതല മുഴുവൻ ഏല്പി ക്കുവാൻ കർത്താവിനെ പ്രേരിപ്പിച്ചത് എന്ന് അവിടുന്നുതന്നെ സ്പഷ്ടമാക്കുന്നു. ദൈവജനത്തെ സംബന്ധിച്ച തീരുമാനങ്ങൾ ദൈവത്തിന്റേതായിരിക്കണം. അവരുടെ നേതാവ് അവിടത്തെ തീരുമാനങ്ങൾ മുഖാഭിമുഖ സംഭാഷണംവഴി മനസ്സിലാക്കി, അവ ജനത്തെ അറിയിക്കണം; ജനത്തിന്റെ അഭിലാഷങ്ങൾ അവരെ നേരിട്ട് ശ്രവിച്ച്, അവ ദൈവത്തെ അറിയിച്ച്, അവി ടത്തെ നിർദ്ദേശങ്ങൾ തേടണം.

ശ്ലേമോൻ രാജാവായതിനുശേഷം ദൈവത്തിനു കാഴ്ചകൾ സമർപ്പിക്കുമ്പോൾ, അദ്ദേഹത്തിന് ആവശ്യമുള്ളതു ചോദിച്ചു കൊള്ളുവിൻ അവിടുന്ന് അനുവദിച്ചു. ശ്ലേമോൻ, തനിക്കു നേതൃത്വപാടവമില്ല എന്ന വസ്തുത എടുത്തുകാണിച്ചുകൊണ്ട് അപേക്ഷിച്ചു: "കർത്താവേ, ശ്രവണശീലമുള്ള ഒരു ഹൃദയം എനിക്കു നൽകണമേ" (Give me a listening heart) (1 Kgs. 3: 9). ദിനവൃത്താന്തം രണ്ടാം പുസ്തകത്തിൽ, ഇതേ സംഭവം വിവ രിക്കുമ്പോൾ, "കർത്താവേ, എനിക്കു വിജ്ഞാനവും അറിവും തരണമേ" (CHR 2: 10) എന്നു ശ്ലേമോൻ അഭ്യർത്ഥിച്ചു എന്നു കാണാം.

"ശ്രവണശീലമുള്ള ഹൃദയത്തിന്റെ" ഫലമാണ് "വിജ്ഞാ നവും" (വിണ്ണിൽനിന്ന് ദൈവത്തെ നേരിട്ടു ശ്രവിച്ചു ലഭിക്കുന്ന

ജ്ഞാനവും മനുഷ്യരെ ശ്രവമിച്ച് ലഭിക്കുന്ന "അറിവും).

പുതിയ ഉടമ്പടിയുടെ നേതാവും മദ്ധ്യസ്ഥനുമായ ഈശോ സദാ പിതാവിനോട് ഐക്യപ്പെട്ടിരുന്ന "ഏകജാതൻ" പിതാവിന്റെ ഇഷ്ടം എന്തോ അത് സദാ അന്വേഷിച്ചിരുന്നു. പകൽ മുഴുവൻ ജോലിയിൽ വ്യാപൃതനാകേണ്ടിവന്നപ്പോൾ രാത്രിയിലും, പകൽതന്നെ ഇടവേള ലഭിക്കുമ്പോഴും, മലയിൽ അഥവാ വിജനസ്ഥലത്തും അവിടുന്ന് പിതാവിനോടുള്ള പ്രാർത്ഥനയിൽ കഴിയുമായിരുന്നു.

ഈശോയുടെ പ്രതീകമായി ഏശയ്യാ എടുത്തുകാണിക്കുന്ന "കർത്താവിന്റെ ദാസൻ" പ്രഭാതംതോറും, കർത്താവിനെ ശ്രവിച്ച്, അവിടുന്നിൽനിന്ന് പഠിച്ചിരുന്നു. വത്സല ദാസൻ ഈ അനുദിന പരിപാടി സംബന്ധിച്ചു സംസാരിക്കുന്നത് ഇങ്ങനെയാണ്: "അവശനായ ഒരുവനെ ഉയർത്തിയെടുക്കാനുള്ള പ്രാപ്തി എനിക്കു ലഭിക്കുവാനായി കർ്താവ് ഒരു ശിഷ്യന്റെ നാവ് എനിക്കു നൽകിയിട്ടുണ്ട്. പ്രാഭാതംതോറും അവിടുന്ന് എന്നെ വിളിച്ചുണർത്തുന്നു; എന്റെ ചെവികൾ തുറന്ന്, ഒരു ശിഷ്യനോടെന്നവിധം എന്നോടു സംസാരിക്കുന്നു; അതുകൊണ്ട് ഞാൻ മറുതലച്ചില്ല; എന്റെ മുഖത്ത് തുപ്പിയവരിൽ നിന്ന് മുഖം ഞാൻ മറച്ചുവെച്ചില്ല; എന്റെ പുറത്തടിച്ചവർക്ക് പുറം ഞാൻ കാണിച്ചുകൊടുത്തു" (Is 50: 4-6).

ഇതാ ഒരു സുപ്പീരിയറിലുണ്ടാകേണ്ട നേതൃത്വഗുണം. മൂശയെപ്പോലെ അദ്ദേഹം ദൈവത്തെ ശ്രവിച്ച് അവിടുത്തെ തീരുമാനങ്ങൾ സമൂഹത്തെ അറിയിക്കണം, (Listening Prayer-ശ്രവണ പ്രാർത്ഥനവഴി); സമൂഹത്തെ ശ്രവിച്ച് അവരുടെ ആവശ്യങ്ങൾ ദൈവത്തെ അറിയിക്കണം. പുതിയ ഉടമ്പടിയുടെ നേതാവായ ഈശോയെപ്പോലെ പിതാവിനോടുകൂടെ ദീർഘനേരം ആലോചനയിലും അഭിമുഖത്തിലും ചെലവഴിക്കണം; അവിടുത്തെ പ്രതീകമായ ദൈവദാസനെപ്പോലെ, പ്രഭാതംതോറും അവിടുത്തെ സന്നിധിയിലിരുന്ന് പഠിക്കണം (Learning, Prayer-പഠന, പ്രാർത്ഥനവഴി). ഉപാസന, ശ്രവണം, പഠനം, അഭിമുഖം എന്നിവയിലൂടെ സുപ്പീരിയർ ഒരു ദൈവിക മനുഷ്യനായിരിക്കണം എന്നു സാരം.

## III സഭാധികാരികൾ സമൂഹത്തിന്റെ ശുശ്രൂഷികൾ

"വലിയവൻ ചെറിയവനെപ്പോലെയും നേതാവ് ശുശ്രൂഷകനെപ്പോലെയും" (Lk. 22: 6) ഇതാണ് ഈശോ നൽകുന്ന മുദ്രാവാക്യം. "നേതാവ് ശുശ്രൂഷകൻ!" ശുശ്രൂഷക്കുള്ള പ്രായോഗിക നിയമം: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (John 13: 34) എന്നതാണ്. ഈശോയുടെ സ്നേഹത്തിന്റെ മാനദണ്ഡം "പരമാവധി" - "അവസാനംവരെ" എന്നതാണ് (John 13: 1). സ്വയം വെറുമയാക്കിക്കൊണ്ട് (Phil 2: 8) എന്നു സാരം. നമ്മെ ശുശ്രൂഷിക്കുന്നതിൽ അവിടുന്ന് അത്യാവശ്യപ്പെട്ടതോ ആവശ്യമായിരുന്നതോ മാത്രമല്ല ചെയ്തത്. പ്രത്യുത ചെയ്യാവുന്നതിന്റെ പരമാവധിയാണ്. പ്രയോഗത്തിൽ നാം ചെയ്യേണ്ടതിന്റെ ചില ഉദാഹരണങ്ങൾ ഗിരിപ്രഭാഷണം എടുത്തുകാണിക്കുന്നുണ്ട്. "നിനക്കെതിരായി അന്യായംകൊടുത്ത് നിന്റെ ഉടുപ്പു കൈവശപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവന് നിന്റെ മേലങ്കികൂടി വിട്ടുകൊടുക്കുക. ഒരു മൈൽ തന്നോടുകൂടി പോരാൻ നിർബന്ധിക്കുന്നവന്റെ കൂടെ രണ്ട് മൈൽ പോകുക; ചോദിക്കുന്നവിനു കൊടുക്കുക; വായ്പാ വാങ്ങാൻ വരുന്നവനിൽനിന്ന് ഒഴിഞ്ഞുമാറരുത്" (Mt. 5: 40-42). "ഒരു കരണത്തടിക്കുന്നവന് മറ്റേ കരണവും കാണിച്ചുകൊടുക്കുക". നിന്റെ കാഴ്ചവസ്തു നീ ബലിപീഠത്തിലേക്കു കൊണ്ടുപോകുമ്പോൾ നിനക്കെതിരായി നിന്റെ സഹോദരന് എന്തെങ്കിലും ഉണ്ടെന്ന് അവിടെവെച്ച് നീ ഓർമ്മിച്ചാൽ കാഴ്ചവസ്തുക്കൾ അവിടെ വച്ചിട്ട് പോയി സഹോദരനുമായി രമ്യപ്പെടുക; പിന്നീട് ചെന്ന് കാഴ്ച സമർപ്പിക്കുക" (Mt. 5: 39; 5: 23-24).

ഇവ കേൾക്കുമ്പോൾ ഉടനെ ഉയരുന്ന ചോദ്യങ്ങൾ: ഇവയെല്ലാം ഇന്നത്തെ ലോകത്തിൽ സാധ്യമാണോ? ഇങ്ങനെ ചെയ്യാൻ തുടങ്ങിയാൽ ഇന്ന് വല്ലവർക്കും വസ്ത്രം ധരിച്ച് നടക്കുവാൻ സാധിക്കുമോ? വല്ലവർക്കും സ്വന്തം കാര്യത്തിൽ ശ്രദ്ധിക്കുവാൻ സമയം കിട്ടുമോ? ന്യായമായി സമ്പാദിച്ച പണം വച്ചു സൂക്ഷിക്കുവാൻ സാധിക്കുമോ? ദേഹോപദ്രവമേൽക്കാതെ ജീവിക്കുവാൻ കഴിയുമോ? കാരണം കൂടാതെ വിഷമം വച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം മാപ്പപേക്ഷിക്കുക

ബാലിശമാവില്ലേ?

ഇവയെല്ലാം പരിഗണിച്ച് ചില ബൈബിൾ പണ്ഡിത ന്മാർപോലും അനുമാനിക്കുന്നുണ്ട്, ഇത്തരം അതിശയോക്തി കൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല; അവയുടെ ചൈത ന്യത്തിൽ ജീവിക്കുവാനുള്ള ഉദ്ബോധനം മാത്രമേ അവ നൽകു ന്നുള്ളു എന്നെല്ലാം.

പക്ഷേ അപ്രകാരം ലാഘവമായി വ്യാഖ്യാനിക്കുന്നതിന് നേരിയ സൂചനപോലും ഈശോ നൽകുന്നില്ല എന്ന വസ്തുത ഒരുവശത്ത്; ഈശോതന്നെ സ്വന്തം കാര്യത്തിൽ മുകളിലുദ്ധ രിച്ച ചില ഉദ്ബോധനങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചു വെന്ന സുവിശേഷസാക്ഷ്യം വേറെ വശത്ത്. അവിടത്തെ കര ണത്തടിച്ച സേവകന് മറ്റേ കരണം കാണിച്ചുകൊടുക്കുന്നതിനു പകരം അവനോടു ചോദിച്ചു: “നീ എന്തുകൊണ്ടാണ് എന്നെ അടിച്ചത്” എന്ന്. അവിടുന്ന് തന്റെ സമുന്നതല ബലി സമർപ്പി ക്കുന്നതിന് ഗാഗുൽത്തയിലേക്കു പോകുമ്പോൾ “അവനെ കുരി ശിൽ തറയ്ക്കുക” എന്നാക്രോശിച്ച ശത്രുക്കൾ അവിടുത്തെ അനുഗമിച്ചിരുന്നു. അവിടുന്ന് ഗിരിപ്രഭാഷണത്തിൽ പറഞ്ഞി രുന്നതുപോലെയാകണമെങ്കിൽ ഗാഗുൽത്തായിലേക്കു കയറു ന്നതിനു മുമ്പായി അവരോടു രമ്യപ്പെടുകയല്ലേ വേണ്ടിയിരു ന്നത്? പക്ഷെ അവിടുന്നതു ചെയ്തില്ല.

ഇതേ വസ്തുതകൾതന്നെയാണ് പ്രസ്തുത പ്രബോധനങ്ങ ളുടെ ശരിയായ വ്യാഖ്യാനത്തിനുള്ള വാതിൽ തുറന്നുതരുന്ന ത്. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ” എന്ന മാനദണ്ഡം വച്ചുവേണം അവയെല്ലാം അളക്കുവാൻ. അതനുസരിച്ച് നമ്മെ സമീപിപ്പിക്കുന്നവൻ ആരായാലും - ശത്രുവായാലും മിത്രമാ യാലും - അവന്റെ ഉപരിനന്മയായിരിക്കണം അവനോടുള്ള നമ്മുടെ പ്രത്യുത്തരത്തിന്റെ ഏക ലക്ഷ്യം. കന്നത്തിയുടെ കാര്യം എടുക്കുക. എന്റെ കന്നത്തടിക്കുന്ന സഹോദരന്റെ ഉപ രിനന്മയക്ക് ആവശ്യം മറ്റേ കന്നംകൂടി കാണിച്ചുകൊടുക്കുക യാണെങ്കിൽ അങ്ങനെ ചെയ്യണം. മറിച്ചാണെങ്കിൽ അങ്ങനെ ചെയ്യരുത്. മുൻപറഞ്ഞ ലക്ഷ്യം നേടാൻ എന്തുചെയ്യണമോ അത് ചെയ്യണം. ഈശോയുടെ കന്നത്തടിച്ച സേവന്റെ കണ്ണ് പ്രധാനാചാര്യന്റെ ബലംകൈയി ആയി വർത്തിച്ചിരുന്ന അന്നാ

സിന്റെ മുഖത്തായിരുന്നു. ഈശോ മറ്റേ കന്നവും കാണിച്ചു കൊടുത്തിരുന്നുവെങ്കിൽ ക്രൂരനായ ആ മനുഷ്യന്റെ ആംഗ്യമനുസരിച്ച് സേവൻ വീണ്ടും വീണ്ടും ഈശോയെ അടിക്കും. അങ്ങനെ അയാൾ പാപത്തിൽനിന്നും പാപത്തിലേക്ക് വീഴും. അവന്റെ ഉപരിനന്മ ലക്ഷ്യംവെക്കുന്ന ഈശോയ്ക്ക് അതനുവദിക്കുക സാധ്യമല്ല. മറിച്ച് അവനിൽ അപരാധബോധവും അനുതാപവും ഉളവാക്കുന്ന ചോദ്യങ്ങൾ അവനോട് ചോദിക്കുന്നു. അവൻ മാത്രമല്ല, അത് കേട്ട മറ്റുള്ളവരും തങ്ങളുടെ അപരാധനങ്ങളെപ്പറ്റി ചിന്തിക്കാൻ അതുമൂലം ഇടയായി. ഈശോയുടെ പ്രബോധനം വി. ഫിലിപ്പ് ബെനീസ്സി തന്റെ കന്നത്തടിച്ച പെരെഗ്രിനൂസ് എന്ന യുവാവിന്റെ കാര്യത്തിൽ മറ്റേ കന്നം കാണിച്ചുകൊടുത്തുകൊണ്ടുതന്നെ പ്രായോഗികമാക്കി. ആ യുവാവിന്റെ ഉപരിനന്മക്ക് അതായിരുന്നു ആവശ്യം. പെരെഗ്രിനൂസ് ആ പ്രതികരണത്തിൽ അത്ഭുതസ്തബ്ധനായി. സ്വന്തം കുറ്റം ഏറ്റുപറഞ്ഞു. ആ മാനസാന്തരം ആ യുവാവിന് ഒരു മഹാ വിശുദ്ധനാകാൻ വഴിതെളിച്ചു. ഇന്ന് തിരുസഭ വി. പെരെഗ്രിനൂസിനെ കാൻസർ രോഗികളുടെ മദ്ധ്യസ്ഥനായി വണങ്ങുന്നു.

ഈ മാനദണ്ഡംവെച്ച് നോക്കുമ്പോൾ ഈശോ എന്തുകൊണ്ട് തന്നെ ക്രൂശിക്കാനാക്രോശിച്ച ജനത്തോട് മാപ്പ് ചോദിച്ചില്ല എന്ന് സ്പഷ്ടമാകും. വസ്ത്രത്തിനായി കേസ് കൊടുത്തവന്റെയും ഒരു നാഴിക പോകാൻ നിർബന്ധിച്ചവന്റെയും വായ്പ ചോദിക്കാൻ വരുന്നവന്റെയും കാര്യത്തിൽ അവലുടെ ഉപരി നന്മയ്ക്ക് ആവശ്യമായത് ഈശോ പറഞ്ഞത് അക്ഷരശ: ചെയ്യുകയാണെങ്കിൽ, അങ്ങനെതന്നെ ചെയ്യണം. "നിന്നെ സമീപിക്കുന്നവന്റെ ഉപരിനന്മയ്ക്ക് അതാണാവശ്യമെങ്കിൽ എന്ന വ്യവസ്ഥ ഓരോ പ്രബോധനത്തിന്റെയും മുമ്പിൽ ചേർക്കുക. അപ്പോൾ അർത്ഥം വിശദമാകും. ആ വ്യവസ്ഥയാമ് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" എന്ന പുതിയ പ്രമാണത്തിന്റെ സാരാംശം.

ഓരോ വ്യക്തിയുടെയും ഉപരിനന്മയ്ക്കാവശ്യമായത് കണ്ടുപിടിക്കാൻ അതത് അവസരത്തിൽ എങ്ങനെ സാധിക്കും? നമ്മെ സമീപിക്കുന്ന ആളുടെ സ്വഭാവവും മറ്റു സാഹചര്യങ്ങളും

നിഷ്പക്ഷബുദ്ധ്യാ കണക്കിലെടുത്താൻ കുറെയൊക്കെ നമുക്ക് ഊഹിച്ചെടുക്കാൻ സാധിക്കും. പക്ഷെ ഊഹം പലപ്പോഴും തെറ്റിപ്പോകാം. ഈ തെറ്റുപറ്റാതെ ഓരോ കേസിലും നമ്മെ സഹായിക്കാൻ സാധിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ലഭിക്കുന്നതിനുള്ള മുൻകരുതൽ ഈശോതന്നെ എടുത്തിട്ടുണ്ട്. "ഞാൻ എന്റെ പിതാവിനോടപേക്ഷിക്കും" എന്ന ഉറപ്പോടുകൂടി തന്റെ അരൂപിതന്നെ, നമ്മെ സമീപിക്കുന്ന നമ്മുടെ സഹോദനിലും നമ്മിലും വസിക്കുന്നിനുള്ള സജ്ജീകരണം അവിടുന്നുതന്നെ ചെയ്തിട്ടുണ്ട്. ഈ അരൂപി നമ്മുടെ സഹോദരനെയും നമ്മെയും നന്നായി അറിയുന്ന – രണ്ടുപേരുടെയും ഹൃദയസ്ഥിതനായ – പരിശുദ്ധാത്മാവ്, ഈശോ നമ്മെ പഠിപ്പിച്ചിട്ടുള്ളതെല്ലാം  നമ്മെ അനുസ്മരിപ്പിച്ച്, എല്ലാ സത്യത്തിലേക്ക് നമ്മെ ആനയിക്കുന്നു (Joh. 14: 26; 16: 12).

നമ്മെ അന്തരംഗത്തിൽ വസിച്ച്, നിരന്തരം നമ്മോടു സംസാരിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിച്ച് അവിടുത്തെ നിർദ്ദേശങ്ങൾ അനുഷ്ഠിക്കുന്നതാണല്ലോ അന്തരംഗ ജീവിതം. അത് അഭ്യസിക്കുന്നവരാണ് അരൂപിയുടെ മനുഷ്യർ.

സമൂഹത്തിന്റെ ശുശ്രൂഷികളായിരിക്കേണ്ട സഭാധികാരികൾ അരൂപിയുടെ മനുഷ്യരായിരുന്നാൽ മാത്രമേ, ഓരോരുത്തരുടെയും ഉപരിനന്മയെ ഉദ്ദേശിച്ചുള്ള സേവനം സാധ്യമാകൂ എന്ന് സിദ്ധം.

N.B. അനുവാദങ്ങൾ നൽകുന്നതിലും വ്യക്തികളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നതിലും ഈ തത്വം പ്രായോഗികമാക്കുമ്പോൾ "സുപ്പീരിയർ എല്ലാവരോടും ഒരേവിധം പെരുമാറിയില്ല" എന്ന വിമർശനം കേൾക്കേണ്ടിവരും. ആ വിമർശനം ഭയന്ന്, ഈ തത്വം ബലികഴിക്കുന്നത് അക്ഷന്തവ്യമായ അപരാധമായിരിക്കും.

## IV സഭാധികാരികൾ, അനുഭൂതിദായകമായ പ്രാർത്ഥനാജീവിതത്തിന് മാരഗ്ഗദർശികൾ, മാതൃകകൾ

അനുഭൂതിദായകമായ പ്രാർത്ഥനാജീവിതം നയിക്കേണ്ട തന്റെ സമൂഹത്തിന് മാർഗ്ഗദർശനവും മാതൃകയും നൽകാൻ സുപ്പീരിയർ ബാധ്യസ്ഥനാണ്.

”CMI Renewal” വർഷത്തിൽ (1976 ജൂൺ മുതൽ 1977 ജൂൺ വരെ) നടത്തിയ വിലയിരുത്തലനുസരിച്ച്, നമ്മുടെ സഭയിലെ 83 ശതമാനം പേരും അനുഭൂതിദായകമായ പ്രാർത്ഥനയ്ക്ക് മാർഗ്ഗദർശനം ആഗ്രഹിക്കുന്നുവെന്നു സ്പഷ്ടമാക്കി.

നമ്മുടെ പ്രാർത്ഥന അനുഭൂതിദായകമാക്കാൻ പറ്റിയ മാർഗ്ഗമുണ്ടോ? അത് ഏതാണ്? മാർഗ്ഗം ഉണ്ട്. ഒരേയൊരു മാർഗ്ഗമേ ഉള്ളുതാനും.

ആ മാർഗ്ഗത്തിന് ഒരു നിഷിദ്ധവശവും (Negative) ഒരു സമർത്ഥവശവും (Positive) ഉണ്ട്.

നിഷിദ്ധവശം: പാപം, പാപസാഹചര്യം എന്നിവയിൽനിന്ന് എന്നേയ്ക്കുള്ള വിടവാങ്ങൽ.

സമർത്ഥനവശം: ദൈവേഷ്ടം, അത് മുഴുവൻ, അതുമാത്രം എന്ന ജീവിത നിയമം. ഈ നിലപാടിനു സഹായകമായ തീരുമാനമാണ് പിതാവിൽനിന്നു പൂർണ്ണമായ അംഗീകാരം സിദ്ധിച്ചിട്ടുള്ള ഈശോയെ ആജീവനാന്ത ഗുരുവായി സ്വീകരിക്കുക എന്നത്.

**ഇതിന്റെ പ്രായോഗികവശം**

1) അവിഭക്തമായ ഹൃദയം നാം: നാം അവിവാഹിത ജീവിതം തെരഞ്ഞെടുത്തത് നമ്മുടെ ഹൃദയം അഭിഭക്തമായിരിക്കുന്നതിനാണ് (1 Cor. 7: 32-38; Mt. 19: 10-12). ഈശോയുടെ വാക്കുകൾ “വിവാഹ സാധ്യതയുണ്ടായിരിക്കേ സ്വർഗ്ഗരാജ്യത്തെപ്രതി അവിവാഹിതരായിരിക്കുന്നവർ”. വി. പൗലോസിന്റെ വിശദീകരണം. “അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു വിചാരിച്ച് കർത്താവിന്റെ കാര്യത്തിൽ തൽപരനാകുന്നു. വിവാഹിതനാകട്ടെ, ഭാര്യയെ എങ്ങനെ സംപ്രീതയാക്കാമെന്നു വിചാരിച്ച് ലൗകികകാര്യങ്ങളിൽ തല്പരനാകുന്നു. അവന്റെ താല്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു”.

വി. തോമസ് മൂർ വിവാഹിതനായിരുന്നു. തന്മൂലം വിഭജിതമായ ഹൃദയം, അദ്ദേഹം തന്റെ ദിനചര്യയിൽ വരച്ചുകാണിക്കുന്നുണ്ട്. വൈകിട്ട് ആറുമണി മുതൽ 10 മണിവരെയുള്ള സമയം, അദ്ദേഹം തന്റെ ഭാര്യക്കും കുട്ടികൾക്കുമായി നീക്കി

വെച്ചിരുന്നു. അതിരാവിലെ പ്രഭാതഭക്ഷമംവരെയുള്ള സമയം തന്റെ കർത്താവിനും കർത്താവിനുള്ള സമയത്തിൽനിന്ന് സ്വല്പംപോലും മറ്റാർക്കും – തന്റെ രാജാവിനുപോലും – കൊടുക്കില്ലെന്ന അദ്ദേഹത്തിന്റെ നിഷ്ഠ ചരിത്രപ്രസിദ്ധമാണ്.

നമുക്ക് ഇത്തരം വിഭജനമില്ല. നമ്മുടെ സമയം മുഴുവനും കർത്താവിനുള്ളതാണ്. അമേരിക്കയിലെ Cloistered Clarist സഭയുടെ മദർ പ്രൊവിൻഷ്യലുമായി ഒരു പ്രൊട്ടസ്റ്റന്റ് പത്രാധിപർ നടത്തിയ അഭിമുഖം പ്രസിദ്ധീകരിച്ചുകണ്ടു. പത്രാധിപർ ഇപ്രകാരം സ്വയം പരിചയപ്പെടുത്തി. "ഞാൻ ഒരു പ്രൊട്ടസ്റ്റന്റ് പത്രത്തിന്റെ അധിപനാണ്. എന്നെപ്പോലെയുള്ള പ്രൊട്ടസ്റ്റന്റുകാർക്ക് കത്തോലിക്കരുടെ ചില നടപ്പുകളെപ്പറ്റി തെളിവായ ധാരണകളില്ല. ഒരു കാര്യം സംബന്ധിച്ച് മദറിന്റെ വിശദീകരണം ലഭിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. പ്രശ്നം ഇതാണ്. മദറിനെപ്പോലെ കാര്യശേഷിയുള്ള വനിതകൾ ചെറുപ്പം മുതലേ ഇത്തരം മതിൽക്കെട്ടിനുള്ളിൽ മറഞ്ഞു ജീവിക്കുന്നതിന്റെ ഉദ്ദേശ്യം ഞങ്ങൾക്കു വ്യക്തമല്ല''. മദർ പറഞ്ഞു: ''ഞങ്ങൾ തികച്ചും സ്വതന്ത്രരാണ്. ഞങ്ങളുടെ ഹൃദയങ്ങൾ, ബോധപൂർവ്വം അവിഭക്തമായി ക്രിസ്തുവിനു സമർപ്പിച്ചുകൊണ്ട് പൂർണ്ണമായും അവിടുത്തെ കാര്യത്തിൽ ഞങ്ങൾ വ്യാപൃതരായിരിക്കുന്നു. ഇപ്രകാരം സ്വയം സമർപ്പിച്ചിട്ടുള്ളവരിൽ പലരും ബാഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതുണ്ട്. അങ്ങനെയുള്ളവർക്ക് ക്രിസ്തുവിനോടുകൂടെ തനിച്ചു ദീർഘനേരം ചെലവഴിക്കാൻ സാധിക്കാതെ വരുന്നു. അവർ അതിനായി ദാഹിക്കുന്നുവെങ്കിലും. ഞങ്ങൾ സമയം മുഴുവനും അവിടുത്തോടുകൂടെ തനിച്ചായിരിക്കുന്നതിനുവേണ്ടി ഈ ക്ലോയിസ്റ്ററിൽ പ്രവേശിച്ചു. അതുവഴി മുൻപറഞ്ഞ സഹോദരങ്ങൾക്കു സാധിക്കാത്തത് അവരുടെപേർക്കുംകൂടി ഞങ്ങൾ സപ്ലൈ ചെയ്യുന്നു. ഞങ്ങൾക്കു സാധിക്കാത്ത സേവനം ഞങ്ങളുടെ പേർക്കുകൂടി അവർ സപ്ലൈ ചെയ്യുന്നു. അങ്ങനെ ഞങ്ങൾ രണ്ടുകൂട്ടരുടെയും സംയുക്ത സേവനം അവിടുത്തെ പക്കലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു.

കാര്യം കുറച്ചുകൂടി വിശദമാക്കാൻ മദർ ഒരു ഉദാഹരണം പറഞ്ഞു. ഞങ്ങൾ ഈ ക്ലോയിസ്റ്ററിനു പുറത്തു പോകുകയി

ല്ല. ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കുന്ന ഉപകാരികൾ അനേകരുണ്ട്. അവരുടെ മുൻനിരയിൽ ഒരു യുവതിയും യുവാവുമുണ്ട് - ഭാര്യാഭർത്താക്കന്മാർ. അവരുടെ പരസ്പരം സ്നേഹം ആശ്ചര്യകരമാണ്. ആ ഭർത്താവിന്റെ ഏകജ്വരം ഭാര്യയുടെ ഉള്ളിന്റെ ഉള്ളിൽ കഴിയുന്ന ആഗ്രഹം മുൻകൂട്ടി കണ്ടുപിടിച്ച് അത് നിർവ്വഹിച്ചു കൊടുക്കുക എന്നതാണ്. എങ്കിലും ഇന്ന് അവർ രണ്ടുപേരും അകന്നാണ് താമസിക്കുന്നത്. അവരുടെ ഹൃദയങ്ങൾ അകന്നുപോയി. കാരണം ഭാര്യയുടെ ആഗ്രഹങ്ങൾ തന്നെ അറിയിക്കുന്നതിനു മുമ്പേ കണ്ടുപിടിച്ച് അത് നിർവ്വഹിച്ചുകൊടുക്കുന്നിനായി രാവും പകലും അത്യദ്ധ്വാനം ചെയ്യുന്ന ആ ഭർത്താവിന് ഭാര്യയോടുകൂടെ തനിച്ച് ആയിരിക്കാൻ സമയമില്ല.

കർത്താവിനുവേണ്ടി രാപകൽ അത്യദ്ധ്വാനം ചെയ്ത് അവശരായിത്തീരുന്നതിൽ സംതൃപ്തി തേടുന്നതിൽ പലരുടെയും അനുഭവം ഇതുതന്നയല്ലേ? കർത്താവിന്റെ ആവലാധിയും ഇതു തന്നെ. ഈ ജനം തങ്ങളുടെ അധരങ്ങൾകൊണ്ട് എന്നെ സ്തുതിക്കുന്നു. പക്ഷേ അവരുടെ ഹൃദയം എന്നിൽനിന്നകന്നിരിക്കുന്നു.

ഈ ദുർഗതിക്കിടയാകാതെ, നമ്മുടെ ഹൃദയം അകന്നുപോകാതെ ചരിക്കണമെങ്കിൽ അവിടുത്തെ പക്കൽ എപ്പോൾ ചെന്നാലും അനുഭൂതിയിൽ ലയിക്കത്തക്കവണ്ണം, നമ്മുടെ ഹൃദയം അവിടുത്തോട് ഐക്യപ്പെട്ടിരിക്കണമെങ്കിൽ പ്രയോഗത്തിൽ ദിവസേന ദീർഘനേരം നാം അവിടുത്തോടുകൂടെ തനിയെ ആയിരിക്കണം. അതാണ് നമ്മുടെ “Spousal Prayer” - ഉപസാന.

ഇതുസംബന്ധിച്ച് ഒരു സുപ്രസിദ്ധ ധ്യാനഗുരുവും ഗ്രന്ഥകാരനും The Spirituality Institute a America യുടെ സ്ഥാപകനുമായ Fr. Willian MC Namara, The Human Adventure’ എന്ന പുസ്തകത്തിൽ പറയുന്നത് ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: ഞാൻ വൈദികരോടും സന്യാസിനികളോടും ധ്യാനം പ്രസംഗിക്കുമ്പോൾ “Spiritual Prayer” ന്റെ ആവശ്യകതയെപ്പറ്റി പറയാറുണ്ട്. ദിവസേന ഒരു മണിക്കൂറെങ്കിലും, അതും ഓരോരുത്തരുടെയും ഏറ്റം പ്രസന്നമായ ഒരു മണിക്കൂർ, തനിച്ച്

കർത്താവിനോടുകൂടെ ചെലവഴിക്കണമെന്നാണ് ഞാൻ പറയുക. അല്ലെങ്കിൽ നമ്മുടെ ഹൃദയം അവിഭാജ്യമായി കർത്താവിന് കൊടുത്തു എന്നു പറയുന്നതിൽ കഴമ്പൊന്നുമില്ല. അത് എല്ലാവർക്കും സമ്മതമാണ്. പക്ഷേ ഒരു അപവാദം "ഞങ്ങളുടെ വ്യഗ്രത നിറഞ്ഞ ജോലി". ആർക്കുവേണ്ടിയാണത് ചെയ്യുന്നത്? അവിടുന്നുമായി ഹൃദയം ഐക്യമില്ലെങ്കിൽ ആ ജോലിയുടെ വില എന്താണ്? അവിടുത്തോടുകൂടെ ആയിരിക്കുമ്പോൾ ഉണ്ടാകേണ്ട അനുഭൂതിയെ തീർത്തും അപഹരിച്ചുകളയുന്ന പാഴ്വേല! Mc Namara - യുടെ ഉത്തരത്തിന്റെ സംക്ഷേപം ഇതാണ്. ഇപ്രകാരം ചെയ്തുനോക്കൂ; നിങ്ങളുടെ Heavy Schedule താമസിയാതെ Lighst ആകും. ഒരു മണിക്കൂർകൊണ്ട് ചെയ്തിരുന്ന കാര്യങ്ങൾ അര മണിക്കൂറുകൊണ്ട് തീരുന്ന അനുഭവം കിട്ടും. ദിവസങ്ങൾ നീണ്ടുനിൽക്കുമായിരുന്ന പ്രശ്നങ്ങൾ നിമിഷങ്ങൾക്കൊണ്ട് പരിഹരിക്കാനുള്ള പ്രകാശവും ഉൾകാഴ്ചയും നിങ്ങൾക്കു ലഭിക്കും. സർവ്വോപരി നിങ്ങളുടെ ഏതു പ്രാർത്ഥനയും അനുഭൂതിദായകമാകും. അതിന് താഴെ പറയുന്ന പ്രായോഗികവശങ്ങൾകൂടി പരിഗണിക്കണം.

2) സത്യം, നീതി, വിശുദ്ധി, ദൈവേഷ്ടാനുസരണത്തിൽ പരമാവധി എന്ന തത്വം എന്നിവയെ സ്വപ്മെങ്കിലും ദൂഷ്യമായി ബാധിക്കാവുന്ന ചരടുവലികൾ, ഒളിഞ്ഞുകിടക്കുന്ന ദാനങ്ങൾ, വാഗ്ദാനങ്ങൽ, ആനുകൂല്യങ്ങൾ, അനുവാദങ്ങൾ എന്നിവയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ വിവേകപൂർവ്വം മുൻകരുതലെടുക്കുക.

3) എപ്പോഴും എവിടെയും ആരോടും മാന്യമായ അകലം, മാന്യമായ സംസാരം, മാന്യമായ പെരുമാറ്റം എന്ന തത്വം പാലിക്കുക. മാന്യമായ വിനോദങ്ങൽ, മാന്യമായ തമാശകൽ, മാന്യമായ കൂട്ടുകെട്ടുകൾ, മാന്യമായ സന്ദർശനങ്ങൾ, മാന്യമായ സൽക്കാരങ്ങൾ, മിതമായ സുഖസൗകര്യങ്ങൾ, ആവശ്യത്തിൽ കവിയാത്ത എഴുത്തുകുത്ത് എന്നിവ സ്വന്തം വ്യക്തിമുദ്രകളാക്കിത്തീർക്കുക.

ഈ നിഷ്ഠകൾ പാലിക്കുന്ന ഒരാൾ തിരുസന്നിധിയിൽ ചെല്ലുമ്പോൾ അവിടെ അയാൾക്ക് ഹാർദ്ദമായ സ്വാഗതം ലഭി

ക്കും. കർത്താവ് അയാളെ അനുമോദിക്കും; ആഹ്ലാദിപ്പിക്കും. അവിടെ അയാൾ സാക്ഷാൽ വിശ്രമം കണ്ടെത്തും. അവിടെ നിന്നും പിരിയുന്നത് വൈമനസ്യത്തോടെ ആയിരിക്കും. പോകുന്നിടത്തേക്ക് ഈശോതന്നെ അയാളെ അനുധാനവംചെയ്യും.

ഇതാ അനുഭൂതിദായകമായ പ്രാർത്ഥനയ്ക്കുള്ള സുനിശ്ചിത മാർഗ്ഗം - ഏകമാർഗ്ഗം! ഇതുകൂടാതെ എത്രമാത്രം concentration അഭ്യസിച്ചാലും ദൈവൈക്യം നമുക്കു സംലഭ്യമാകില്ല. ശ്രദ്ധകേന്ദ്രീകരിച്ചിട്ട് ആരുടെ അടുക്കലാണ് ചെന്നെത്തുക.

**ഒരു വിലയിരുത്തൽ**

i. അനുഭൂതിദായകമായ പ്രാർത്ഥനയാണ് പ്രണിധാനം (Contemplation). ഈ അനുഭവത്തെ Divine Touch) (ദിവ്യ സ്പർശനം) അഥവാ Mystical Experience (ദിവ്യാനുഭവം) എന്നും വിളിക്കാറുണ്ട്. ദൈവത്തെ കണ്ണുകൊണ്ട് കാണുകയും ചെവികൊണ്ട് കേൾക്കുകയും കരങ്ങൾകൊണ്ട് സ്പർശിക്കുകയും ചെയ്യുന്ന അനുഭവം.

ii. അതിന് അവശ്യാവശ്യമായ പശ്ചാത്തലമാണ് വിജനത (Solitude). ദൈവസുതനായ ഈശോ പിതാവിനോടുകൂടെ തനിച്ചായിരിക്കാൻ വിജനത ആവശ്യമാണെന്നു കരുതി പ്രാർത്ഥനയ്ക്കായി അവിടുന്ന് മലയുടെ അഥവ വനാന്തരത്തിന്റെ വിജനതയിലേക്ക് പോയിരുന്നു. അതേ അനുഭവം ശ്ലീഹന്മാർക്ക് നൽകുന്നതിനായി അവിടുന്ന് അവരെ വിജനസ്ഥലത്തേക്ക് കൊണ്ടുപോയി. “വന്നു സ്വല്പ നേരം വിശ്രമിക്കൂ. നമുക്ക് ഒരു വിജനമായ സ്ഥലത്തേക്ക് പോകാം”.

iii. നമ്മുടെ ഭവനങ്ങളിൽ ഈ വിജനത പണ്ടേ ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ നാം അതിൽനിന്നും ഫലമെടുക്കാൻ ശ്രദ്ധിച്ചില്ല. തത്വത്തിൽ, പ്രാർത്ഥനയ്ക്കു നാം ഒന്നാം സ്ഥാനം കൊടുത്തിരുന്നുവെങ്കിലും പ്രയോഗത്തിൽ അതിനെ തരംതാഴ്ത്തിയിരുന്നു. മറ്റു പരിപാടികൾക്കായി പ്രാർത്ഥനാപരിപാടിയുടെ സമയം പലപ്പോഴും നാം മാറ്റിയിരുന്നു. ചിലപ്പോൾ കൂട്ടപ്രാർത്ഥന തനിച്ചാക്കും. പ്രയോഗത്തിൽ അതിൽനിന്നും ഒഴിവെടു

ക്കും. നാലംഗ നിയമം അതിനെ നീതീകരിക്കുവാനും സഹായിച്ചിരുന്നു.

അതുകൊണ്ട് അനുഭൂതിദായകമായ പ്രാർത്ഥനയ്ക്കുള്ള നമ്മുടെ ആഗ്രഹം ആത്മാർത്ഥമാണെങ്കിൽ നാം ആരംഭങ്ങളിലേക്കു പിന്തിരിയണം - ആശ്രമാന്തരീക്ഷത്തിലേക്ക് (ആശ്രമജീവിതത്തിന്റെ Regimentation - നിലേയ്ക്കല്ല, അതിന്റെ വിജനതാന്തരീക്ഷത്തിലേക്ക്).

ഈ നിഷ്ഠ Active Life - നു വിലങ്ങുതടിയല്ല. പ്രത്യുത അതിന്റെ സജീവതക്ക് ആവശ്യാവശ്യമാണ്. 12-ാം പിയൂസ് പാപ്പയുടെ ഉദ്ബോധനത്തിനു സനാതന മൂല്യമുണ്ട്. The more active you are, the greater your need to be interior Men.

**ചില പ്രായോഗിക നിർദ്ദേശങ്ങൾ**

1. സഭാധികാരി തനിക്കുതന്നെ Spousal Prayer നായി തന്റെ ഏറ്റവും പ്രധാനമായ മണിക്കൂർ (The most fresh hour of the day) നിശ്ചയിച്ച് അത് കൃത്യമായി അനുഷ്ഠിക്കുക. അതു കഴിഞ്ഞേ മറ്റു കാര്യങ്ങളുള്ളുവെന്ന ധാരണ അകത്തുള്ളവർക്കും പുറത്തുള്ളവർക്കും നൽകണം. (വി. തോമസ് മൂറിന്റെ മാതൃക, Chief Justice ആയിരുന്ന ബാലകൃഷ്ണ ഏറാടിയുടെ ഇത്തരം നിഷ്ഠ, പലരേയും സ്പർശിച്ചിട്ടുണ്ട്.
2. സമൂഹ പ്രാർത്ഥനകളിൽ സഭാധികാരി ഒന്നാമനായി ഹാജരാകണം. ഭംഗിയായി നേതൃത്വം വഹിക്കണം. (ഒഴിവെടുക്കാതിരിക്കാൻ തന്നോടുതന്നെ നിർബന്ധംവെക്കണം).
3. കൂട്ടപ്രാർത്ഥനകൾ  മാറ്റിവെക്കരുത്. പ്രത്യേക ആവശ്യത്തെപ്രതി മാറ്റിവെക്കേണ്ടിവന്നാൽ വേറെ സമയത്തു നടത്തണമെന്ന നിഷ്ഠ വെക്കുക. ആ സമയത്ത് ഒരാളെ ഉള്ളെങ്കിലും അദ്ദേഹം എല്ലാവരുടെയും പേർക്ക് പ്രാർത്ഥനാമുറിയിൽ (ദിവ്യകാരുണ്യ സന്നിധിയിൽ) അത് നടത്തുക.
4. പ്രാർത്ഥനാസമയത്തുള്ള കുമ്പസാരം, ആത്മകാര്യം പറയൽ മുതലായവ നിറുത്തൽ ചെയ്യുക.

5. Sousal Prayer നടത്താൻ ഓരോരുത്തർക്കും പ്രോത്സാഹനവും സഹായസഹകരണവും നൽകുക. അതിനാവശ്യമായ വിജനതയുടെ അന്തരീക്ഷണം ആശ്രമത്തിൽ പുലർത്തുക.
6. ജ്ഞാനവായനക്കായി ധാരാളം പുസ്തകങ്ങൾ (വി.ഗ്രന്ഥവ്യാഖ്യാനങ്ങൾ, വിശുദ്ധരുടെ ജീവചരിത്രം) സംലഭ്യമാക്കുക.

**ഒരു എളിയ നിർദ്ദേശം**

നമ്മുടെ Renewal up-wating, പ്രാർത്ഥനാസങ്കേതം എന്നിവക്കായിട്ടാണ് ഒരു Reneal Centre സഭ വിഭാവനം ചെയ്തത്. (പൊതുസംഘംതന്നെ ഈ സംവിധാനം ശക്തിയായി ശുപാർശ ചെയ്തിട്ടുള്ളതാണ്).

സി.എസ്.ആർ. ആ വിധത്തിൽ വളർന്നുവരുന്നതിന് സഭാധികാരികളുടെയും ഈ ഭവനവാസികളുടെയും സഹായത്തോടെ എനിക്കു ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളത് താഴെ പറയു

ന്നതാണ്. ഈ കഴിഞ്ഞ ആറ് വർഷ,വും (1981 ജൂൺ 23 മുതൽ ഇന്നുവരെ) ഇവിടെ സ്ഥായിയായ ഒരു Daily Programme of prayer ദിവസേന 5 മണിക്കൂർ പ്രാർത്ഥന (സമൂഹ പ്രാർത്ഥന കൾക്കു പുറമെ) ദിവ്യകാരുണ്യ സന്നിധിയിൽ നടത്തുകയും അതിൽ പങ്കുചേരുവാൻ വന്നിട്ടുള്ളവർക്ക് അതിനുള്ള സഹായം നൽകുകയും ചെയ്തു. (Sisters, Priests, Students, Bishops Elect മുതലായവർ അതിനായി വന്നിട്ടുണ്ട്).

നമ്മുടെ സഭാംഗങ്ങൾ ഈ സൗകര്യങ്ങൾ വലിയ തോതിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. എപ്പോൾ അവർ വരുന്നുവോ അപ്പോൾ അവർക്കതിൽ പങ്കുചേരാം. നിർബന്ധമോ ധൃതികൂട്ടലോ അരുത്.

ഇത്തരം പ്രാർത്ഥനാകേന്ദ്രം പൊതുവായി മാത്രമല്ല ഓരോ പ്രോവിൻസിലും ഓരോന്നെങ്കിലും ഉണ്ടായാൽ നമ്മുടെ പ്രാർത്ഥനാഭിമുഖ്യത്തിന് അതർഹിക്കുന്ന പ്രാധാന്യം ലഭിക്കും. ഇന്ന് പ്രാർത്ഥനയെപ്പറ്റിയുള്ള പ്രസംഗങ്ങൾ അല്ല ആവശ്യം. പ്രാർത്ഥനയ്ക്കുള്ള സജ്ജീകരണവും പ്രാർത്ഥിക്കുന്നവരും പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നവർക്കു പ്രോത്സാഹനവും സഹായവുമാണ് ഇന്നത്തെ ആവശ്യം.

## ഭാഗം II

## നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ സുപ്രധാന ഘടകങ്ങൾ

നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ സുപ്രധാന ഘടകങ്ങൾ ഉപാസന (Spiritual Prayer), ഔദ്യോഗിക പ്രാർത്ഥന (Professional Prayer), പ്രവർത്തനമാകുന്ന പ്രാർത്ഥന (Occupational Prayer) എന്നവയാണ്. ഈ മൂന്നു ഘടകങ്ങളും നമ്മുടെ പ്രത്യേക ശ്രദ്ധാവിഷയങ്ങളാകണം.

### 1. ഉപാസന (Spoual Prayer)

ഇതുസംബന്ധിച്ച് മുമ്പ് പ്രസ്താവിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ (pp 8-11 കാണുക), ഇവിടെ ഒരു കാര്യം മാത്രം എടുത്തുകാ

ണിക്കുന്നു. ഈ പ്രാർത്ഥനയാണ് നമ്മുടെ ഔദ്യോഗിക പ്രാർത്ഥനയും പ്രവർത്തന പ്രാർത്ഥനയും സജീവമാകുവാൻ സഹായിക്കുന്ന അനുഭൂതിയുടെ ഉറവിടം. അതുകൊണ്ടുതന്നെ അതിനു നാം കൊടുക്കേണ്ട പ്രാധാന്യം സ്പഷ്ടമാകുന്നു.

**2.ഔദ്യോഗിക പ്രാർത്ഥന (Professional Prayer)**

സന്യാസ വൈദികന്റെ ഉദ്യോഗം പ്രാർത്ഥനയാണ്. വൈദികൻ എന്ന നിലയിൽ അദ്ദേഹം ദിവ്യപൂജയിൽ ആധ്യക്ഷം വഹിക്കണം. യാമപ്രാർത്ഥനകൾ നടത്തണം. കൂദാശകൾ - കൂദാശാനുകരണങ്ങൾ മുതലായ ശുശ്രൂഷകൾ നടത്തണം. സന്യാസി എന്ന നിലയിൽ അദ്ദേഹം കൂട്ടപ്രാർത്ഥനകളിൽ പങ്കുചേരണം. സഭാധികാരി ഈ പ്രാർത്ഥനകളിൽ സമൂഹത്തിന് ഉത്തേജനവും നേതൃത്വവും മാർഗ്ഗദർശനവും മാതൃകയും നൽകുവാൻ കടപ്പെടുന്നു.

ഈ പ്രാർത്ഥനകളെല്ലാംതന്നെ യുഗാന്ത്യ സമ്മേളനത്തിന്റെ - പിതാവിന്റെ ഭവനത്തിൽ, മക്കളെല്ലാവരും എന്നേയ്ക്കുമായി സമ്മേളിച്ച്, ഏകയോഗമായി, പിതാവിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനവും സമർപ്പിക്കുന്നതിന്റെ - മുൻ ആസ്വാദനമാണ്.

പിതാവ് നമ്മിൽനിന്ന് അന്വേഷിക്കുന്ന ആരാധനയുടെ സ്വഭാവം എന്താണെന്ന് ദൈവസുതൻ തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ വ്യക്തമാക്കി. യാക്കോബിന്റെ കിണറ്റിനരികെ സമരിയാക്കാരി സ്ത്രീക്ക് ആരാധനാസ്ഥലം സംബന്ധിച്ചുണ്ടായ സംശയം തീർത്തുകൊടുക്കുകയായിരുന്നു ഈശോ. അവിടുന്ന് പറഞ്ഞു: “സ്ത്രീയേ, എന്നെ വിശ്വസിക്കുക; നിങ്ങൾ ആരാധിക്കുന്നത് ഈ മലയിലോ ജറുസലെമിലോ അല്ലാത്ത സമയം അടുത്തുവരുന്നു... യഥാർത്ഥ ആരാധനകർ പിതാവിനെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന സമയം ഇതാ വരുന്നു; അല്ലാ, അത് വന്നുകഴിഞ്ഞു. ഇവരെപ്പോലെയുള്ളവരെയാണ് പിതാവ് അന്വേഷിക്കുന്നത്; ദൈവം അരൂപിയാണ്. അവിടത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കണം” (Jon. 4: 21-24).

ഈ വാക്യം സാധാരണയായി വ്യാഖ്യാനിച്ചു കാണുക, അരൂ

പിയായ ദൈവത്തെ ബാഹ്യമായിട്ടല്ല, ആന്തരികമായി, അതായത് ആത്മീയമായി അന്ധവിശ്വാസത്തിന്റെ ലാഞ്ചനപോലും ഏശാത്ത സത്യവിശ്വാസത്തോടുകൂടെ അതായത്, സത്യത്തിൽ ആയിരിക്കണം എന്നാണ്. ഇത്, പ്രഥമ വീക്ഷണത്തിൽ ലഭിക്കുന്ന കേവലം ഭാഗികമായ വ്യാഖ്യാനമാണ്. ഇതിനും പുറമെ ആഴമായ അർത്ഥം ഈശോ ആ വീക്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന്, പിന്നീട് അവിടുന്ന് പിതാവിനെ പുത്രനെയും പരിശുദ്ധാത്മവിനെയും സംബന്ധിച്ചു വെളിപ്പെടുത്തിയ യാഥാർത്ഥ്യങ്ങളിൽനിന്നും അവയുടെ അടിസ്ഥാനത്തിൽനിന്നും വി. പൗലോസ് നൽകുന്ന ഉദ്ബോധനങ്ങളിൽനിന്നും വ്യക്തമാകും. ഈ അതിപൂർണ്ണതാർത്ഥത്തിലേക്ക് (Fuller sense) നമ്മെ ആനയിക്കുന്ന ഉൾകാഴ്ചകളാണ് റോമാക്കാർക്കുള്ള ലേഖനം 8: 26; ഏഫേസോസിയോർക്കുള്ള ലേഖനം 5: 18–20; വി. യോഹന്നാന്റെ സുവിശേഷം 14: 5, തിമോത്തിക്കുള്ള ഒന്നാം ലേഖനം 2: 5, എബ്രായർക്കുള്ള ലേഖനം 4: 14; 7: 25 എന്നിവ ഉൾക്കൊള്ളുന്നത്.

ഇവയുടെ വെളിച്ചത്തിൽ, പരിശൂദ്ധാരൂപിയുടെ അർത്ഥപൂർണ്ണമായ നെടുവീർപ്പുകളിൽ ആരംഭിച്ച്, 'സത്യമായ' – ഏകമദ്ധ്യസ്ഥനായ – നിത്യപുരോഹിതനായ – ദിവ്യസുതനിലൂടെ പിതാവിലേക്കുയരുന്ന ആരാധനയാണ് പിതാവ് അന്വേഷിക്കുന്നത്.

നമ്മുടെ ദിവ്യപൂജയിലും യാമപ്രാർത്ഥനകളിലും കൂദാശകളിലും കൂദാശാനുകരണങ്ങളിലും ആദ്യം നടക്കുന്നത് "അരൂപിയിലും സത്യത്തിലുമുള്ള ആരാധന"യാണെന്ന്, സൂക്ഷ്മപരിശോധനയിൽ നമുക്ക് സ്പഷ്ടമാകും. നമ്മുടെ ദിവ്യപൂജയിൽ നടക്കുന്നത് : –

1. ആദ്യംതന്നെ, പിതാവിനു മക്കളുടെ അഭിവാദ്യം.
2. പിന്നെ, മക്കളിൽനിന്ന് "അരൂപിയിലും സത്യത്തിലുള്ളമുള്ള ആരാധന"
3. തുടർന്ന് പിതാവ് നൽകുന്ന ദിവ്യഭോജനത്തിന്റെ ആഘോഷമായ അവതരണം, മക്കളുടെ സ്വീകരണം.
4. അവസാനം, പിതാവിന് നന്ദിപ്രകടനം – പിതാവിന്റെ

ആശീർവ്വാദം - വിടവാങ്ങൽ എന്നിവയാണ്.

അതിമനോഹരമായ ഈ ക്രമീകരണത്തിന്റെ വിശദ വിവരണം അനുബന്ധം 1-ൽ കാണാവുന്നതാണ്.

യാമപ്രാർത്ഥനയുടെയും കൂദാശകൾ, കൂദാശാനുകരണങ്ങൾ എന്നിവയുടെയും ക്രമീകരണം - ചട്ടകൂട് - ഇതുതന്നെയാണ്.

ചുരുക്കി പറഞ്ഞാൽ, പരിശുദ്ധാരൂപി ലോകാരംഭം മുതൽ ജനതകൾക്കിടയിൽ അവിടവിടെയായി സത്യത്തിന്റെ പ്രകാശ കതിരുകൾ മന്ദം മന്ദം വീശി വിശ്വപ്രകാശമായ ദൈവസുതനിലേക്ക് വഴിയൊരുക്കി. കാലത്തികവിൽ, "വഴിയും സത്യവും ജീവനുമായ" ആ ഏക മദ്ധ്യസ്ഥനിലൂടെ പിതാവിലേക്കും അങ്ങനെ പരി. ത്രിത്വമാകുന്ന കുടുംബത്തിന്റെ കൂട്ടായ്മയിലേക്കും ആനയിച്ചു. ആ വിസ്തൃതമായ കുടുംബത്തിന്റെ ഈ ഭൂമിയിലെ ദൈനംദിന സമ്മേളനത്തിൽ പിതാവിനുള്ള ആരാധന പരിശുദ്ധാരൂപിതന്നെ എല്ലാവരിലൂടെയും അർത്ഥസമ്പുഷ്ടമായ നെടുവീർപ്പുകളാൽ തുടങ്ങിയിടുകയും അത് ഏകമദ്ധ്യസ്ഥനായ - സത്യംതന്നെയായ - ദൈവസുതൻ ഏറ്റെടുത്ത്, തന്നിലൂടെ പിതാവിനു സമർപ്പിക്കുകയും ചെയ്യുന്ന അതിമനോഹരമായ ആഘോഷമാണ് നമ്മുടെ ഔദ്യോഗിക പ്രാർത്ഥനകൾ എല്ലാംതന്നെ.

N.B.

1. **നമ്മുടെ കുടുംബപ്രാർത്ഥനകൾ:**

നമ്മുടെ കുടുംബപ്രാർത്ഥനകൾ വിഭജിച്ച് കൂട്ടമായി നടത്തുന്ന ധ്യാനത്തിന്റെയോ യാമപ്രാർത്ഥനയുടെയോ ആത്മശോധനയുടെയോ അനുബന്ധങ്ങളായി നടത്തുന്നതിനു പകരം അവയെല്ലാം ഒരുമിച്ച് പതിനഞ്ചോ ഇരുപതോ മിനിറ്റ് ദീർഘിക്കുന്ന പ്രാർത്ഥനായോഗമായി കുടുംബജോലിക്കാരോടുകൂടെ നടത്തിയാൽ വളരെ ഹൃദ്യമായിരിക്കും. ജപമാല ഈ കുടുംബപ്രാർത്ഥനയിൽ സ്വല്പം ചുരുക്കി ക്രമപ്പെടുത്താവുന്നതാണ്. (അഞ്ചു രഹസ്യങ്ങളുടെയും ധ്യാനം - ഓരോ രഹസ്യത്തിനും ഒരു സ്വർഗ്ഗപിതാവേ, മൂന്നു നന്മനിറഞ്ഞ, ഒരു ത്രിത്വസ്തുതി - ലുത്തിനിയായിൽനിന്ന് ചില ഭാഗങ്ങൾ മാറിമാറി

ഓരോ ദിവസത്തേക്ക് എന്നവിധം ഭംഗിയായി ക്രമീകരിക്കാം). അതോടെ വി. യൗസേപ്പിനെയും ശുദ്ധീകരണാത്മാക്കളെയും നമ്മുടെ ജോലികളിൽ സഹായിച്ചുകൊണ്ടിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും നമ്മുടെ ഭവനത്തിനു ചുറ്റുമു ഓള്ള കുടുംബങ്ങളെയും പിറ്റേ ദിവസം തിരുനാൾ ആഘോ ഷിക്കുന്ന വിശുദ്ധനെയും നമ്മുടെ പിതാവ് വാ. ചാവറ കുരി യാക്കോസ് ഏലിയായെയും അനുസ്മരിക്കുന്നത് നമ്മുടെ ആക മാന ബന്ധങ്ങൾ ഒരുമിച്ച് അനുസ്മരിക്കുന്നതിനും അത് ജീവി തബന്ധമാക്കുന്നതിനും കൂടുതൽ സഹായകമാകും. (സി.എ സ്.ആറിലെ  കുടുംബപ്രാർത്ഥന ഈ വിധമാണ് ക്രീകരിച്ചിരി ക്കുന്നത്). നമ്മുടെ ഭവനങ്ങളിൽ അത്തരമൊരു സംവിധാനം ചുരുങ്ങിയപക്ഷം സമൂഹാംഗങ്ങൾക്ക് സ്വതന്ത്രമായി സംബ ന്ധിക്കാവുന്ന സ്ഥലത്തും സമയത്തും ക്രമീകരിക്കുക സമു ചിതമായിരിക്കും.

**2. ഈ സമ്മേളനാവസരങ്ങളിലെ പ്രാർത്ഥന**

നമ്മുടെ കുടുംബസമ്മേളനം, സംഘങ്ങൾ എന്നിവയുടെ ആരംഭത്തിൽ, സമ്മേളനോദ്ദേശ്യത്തിന്റെ ചൈതന്യം സമൂ ഹത്തെ ആകമാനം ഉത്തേജിപ്പിക്കുവാൻ സഹായകമായ, ഒരു പ്രസക്ത ബൈബിൾ ഭാഗം വായിച്ച് രണ്ടോ മൂന്നോ മിനിറ്റ് ധ്യാനിച്ച്, സാധിക്കുമെങ്കിൽ ഓരോരുത്തരും സ്വയം പ്രേരിത മായ കാറോസൂസാ പ്രാർത്ഥന പങ്കുവെച്ച് നടത്തുവാൻ സുപ്പീ രിയർ മുൻകൈയെടുത്താൻ, നമ്മുടെ സമ്മേളനങ്ങളിൽ ദിവ്യ മായ അന്തരീക്ഷവും, പിതാവിന്റെ തിരുചിത്താന്വേഷണത്തിൽ പങ്കുചേരുന്ന കൂട്ടായ്മ ചൈതന്യവും വളർന്നുവരൻ ഇടയാ കും. (അനുഭവത്തിൽനിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള ആശയമാണി ത്).

## iii പ്രവർത്തന പ്രാർത്ഥന (Work as prayer)

നമ്മുടെ പ്രവർത്തനങ്ങളെത്തന്നെ പ്രാർത്ഥനയായി മാറ്റുന്ന കല നമുക്കു സ്വായത്തമാകുന്നത്, യാഥാർത്ഥ്യ.ങ്ങളെപ്പറ്റിയുള്ള അവബോധത്തോടെ നാം പ്രവർത്തനനിരതമാകുമ്പോഴാണ്. “ദൈവത്തിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കു ന്നു, നാം അവിടുത്തെ മക്കളാണ്’’ (Acts 17: 28) എന്ന

യാഥാർത്ഥ്യം നമ്മുടെ പ്രവർത്തനങ്ങളിൽ പ്രത്യക്ഷമാകുവാൻ ഇടയാകണം.

പുതിയ ഉടമ്പടിയുടെ അടിസ്ഥാന ബന്ധം: "ദൈവം നമ്മുടെ പിതാവ് - അപ്പൻ - നാം അവിടുത്തെ മക്കൾ" എന്നതാണല്ലോ (Gal. 4: 6, Rom 8: 14). ഈ അടിസ്ഥാന ബന്ധത്തിൽ അധിഷ്ഠിതമായ ഏഴ് പ്രഖ്യാപിത ബന്ധങ്ങൽ നമ്മുടെ ജീവിതത്തിൽ സജീവമാകണം.

1. ഞാൻ ദൈവത്തിന്റെ അവകാശി, മിശിഹായുടെ കൂട്ടവകാശി (Rom 8: 17).
2. ഈശോ എന്റെ ജ്യേഷ്ഠസഹോദരൻ (Rom 8: 29).
3. ഈശോയുടെ അരൂപി എന്റെയും അരൂപി (Gal. 4: 6).
4. ഈശോയുടെ അമ്മ എന്റെയും അമ്മ (Jon. 19: 26-27).
5. എന്റെ ശരീരം ദൈവത്തിന്റെ ആലയം - ഹൃദയം വിശുദ്ധ പേടകം (1 Cor. 3: 16; Jer. 31: 31-33).
6. കർത്താവിന്റെ മാലാഖ എന്റെ മയ്കാവൽക്കാരൻ (Mt. 18: 10).
7. ഈ കാണുന്നവരെല്ലാം എന്റെ സഹോദരന്മാർ - സഹോദരിമാർ (Rom 8: 29; Mt. 25: 40).

ഈ ബന്ധങ്ങളെല്ലാം സാക്ഷാത്കരിച്ചുകൊണ്ടുള്ള പ്രവർത്തനമായിരിക്കണം ഏതൊരു ക്രൈസ്തവന്റെയും പ്രവർത്തനം. അത്തരം പ്രവർത്തനം ദൈവസാന്നിധ്യ ബോധത്തിലും സാഹോദര്യ ചൈതന്യത്തിലും, നാം ദൈനംദിനം വളരുവാൻ ഇടയാക്കും. സ്നേഹസമൂഹത്തിന്റെ ഉത്തേജകനും, നേതാവും, ശുശ്രൂഷിയും, മാർഗ്ഗദർശിയും മാതൃകയുമെന്ന നിലയിൽ, സഭാധികാരിയിൽ പ്രവർത്തന പ്രാർത്ഥനയുടെ ഉന്നത നിലവാരം ദൃശ്യമാകണം.

**നമ്മുടെ സമൂഹവും പ്രവർത്തനരംഗവും ഒരേസമയം**

1) നമ്മുടെ പരിശീലനകളരിയും

2) നമ്മുടെ സുപ്രധാന പ്രേഷിതവയലുമാണ് എന്ന അവബോധം സഭാധികാരിയെ നയിക്കണം.

### 1) സമൂഹം നമ്മുടെ പരിശീലന കളരി

അതായത് “നാം” ആകുന്ന പ്രാകൃതവസ്തുവിനെ - മരമുട്ടിയെ - മനോഹരമായ ദിവ്യസ്വരൂപമായി കൊത്തിയെടുക്കുന്ന ആയുധശാല - കലാലയം. സമൂഹത്തിലെ ഇതര വ്യക്തികളാണ് ആയുധങ്ങൾ - വാളും, ഉളിയും, ആണിയും, ചുറ്റികയും, അരവും, ഉരക്കടലാസുമെല്ലാം. അവരുടെ സന്മാതൃകകൾ നാം സ്വാംശീകരിക്കണം. ദുർമാതൃകകൾക്കു വഴിപ്പെടാതിരിക്കാൻ വിവേകപൂർവ്വം മുൻകരുതലെടുക്കണം. അവിടെ ക്ഷമിക്കാനും സഹിക്കാനും, സഹതപിക്കാനും സഹായിക്കാനും അനേകമനേകം അവസരങ്ങളുണ്ടാകും. അവയൊന്നും ഉപേക്ഷിച്ചുകളയാതെ എല്ലാം ഉപകരിപ്പിക്കണം. സുദീർഘവും ക്ലേശകരവുമായ ഈ പരിശീലന പ്രക്രിയവവഴി വേണം മിശിഹാ നമ്മിൽ രൂപംകൊള്ളുവാൻ. അത് സ്വയപരിത്യാഗം ആവശ്യപ്പെടും; സ്വന്തം ഇഷ്ടം ത്യജിക്കേണ്ടിവരും.

വി. ജോൺ ബെർക്കുമാൻ പറഞ്ഞു: “എന്റെ സമൂഹജീവിതമാണ് എന്റെ ഏറ്റവും വലിയ തപസ്സ്” എന്ന്.

ചെറിയ ചെറിയ പരിത്യാഗപ്രവൃത്തികൾക്ക് അവസരംകൊടുത്ത വ്യക്തികളും സാഹചര്യങ്ങളുമായിരുന്നു 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വിശുദ്ധ എന്ന് 11-ാം പിയൂസ് പാപ്പ സാക്ഷ്യപ്പെടുത്തിയ “കൊച്ചുത്രേസ്യാ”യാകുന്ന വിശുദ്ധക്ക് രൂപംകൊടുത്ത വാളും ഉളിയും ആണിയും ചുറ്റികയുമെല്ലാം.

ദേഷ്യപ്പെടുത്താൻ ആളില്ലെങ്കിൽ ക്ഷമ അഭ്യസിക്കാൻ അവസരമുണ്ടാകില്ല. അനീതിപരമായി കൊല്ലാൻ ആളില്ലെങ്കിൽ വേദസാക്ഷിത്വത്തിന് സാധ്യതയുണ്ടാവില്ല. സഹിക്കാൻ അവസരം കൂടാതെ ക്ഷമീശീലവും അക്രമം സഹിക്കാതെ വേദസാക്ഷിമകുടവും  ലഭിക്കണമെന്നവകാശപ്പെടുക യുക്തിരഹിതമാണ്. ഇവക്കെല്ലാമുള്ള നിഗൂഢമായ ക്രമീകരണം നൽകിക്കൊണ്ടാണ് നമ്മുടെ സമൂഹത്തിലെ - പ്രവർത്തനരംഗത്തെ - വ്യക്തികളിലൂടെയും സംഭവിവാകസങ്ങളിലൂടെയും അനന്തവിജ്ഞാനിയായ കലാകാരൻ നാമാകുന്ന വ്യക്തിത്വങ്ങളിൽനിന്നു നിസ്തുലങ്ങളായ വിശുദ്ധരൂപങ്ങൾ കൊത്തി മിനുസപ്പെടുത്തിയെടുക്കുന്നത്. അതെ, നമ്മുടെ സമൂഹം - പ്രവർത്തനരംഗം - തന്നെയാണ് നമ്മുടെ സുപ്രധാന പരിശീലന കളരി.

**2. പ്രേഷിതവയൽ**

ഈ സമൂഹത്തെയും - ഈ പ്രവരത്തനരംഗത്തെയും - തന്നെ ദിവ്യനാഥൻ നമ്മുടെ പ്രധാന പ്രേഷിതവയലുമായി നമുക്കു നൽകുന്നു. എന്റെ സമൂഹത്തിൽ, എന്റെ പ്രവർത്തന രംഗത്ത് ആരുടെയെല്ലാം പോരായ്മകൾ കാണുവാൻ കർത്താവ് ഇയാക്കുന്നുവോ, അവരാണ് എൻരെ സത്വരമായ പ്രേഷിതപ്ര വർത്തനത്തിനുള്ള വിഷയങ്ങൾ. “ആ രോഗികലെ സുഖപ്പെ ടുത്തുക!” എന്ന ആഹ്വാനവുമായി അവിടുന്ന് അവരെ എന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. അവരെ കാണിച്ചുകൊണ്ട് അവി ടുന്ന് എന്നോടാജ്ഞാപിക്കുന്നു: “ഇവരെ ഈ പോരായ്മക ളിൽനിന്ന് വിമുക്തരാക്കാൻ ആവശ്യമായ പ്രകാശനവും ഉണർവ്വും ഉത്തേജനവും നിന്റെ സന്മാതൃകയും പ്രാർത്ഥനയും പ്രായശ്ചിത്തവും വഴി ഇവർക്ക് നേടിക്കൊടുക്കുക”.

നമ്മുടെ സത്വരമായ പ്രേഷിതപ്രവർത്തനത്തിന്റെ വിഷയം, നമ്മെ വിമർശിക്കുകയും നിന്ദിക്കുകയും നിഷ്പ്രഭരാക്കുകയും മർദ്ദിക്കുകയും ചെയ്യുന്നവരാണെന്ന രഹസ്യം മനസ്സിലാക്കു മ്പോഴേ, ജീവിതത്തിന്റെ യഥാർത്ഥ വീക്ഷണം നമുക്കു ലഭി ക്കുന്നുള്ളൂ. ഈ പരോന്മുഖതാനിഷ്ഠയാണ്, ലഭിച്ച പരിശീല നത്തിന്റെ മാറ്റുരക്കാനായി ദിവ്യഗുരു ഉപയോഗിക്കുന്ന ഉരക ല്ല്. ഈ സ്ഥിതിക്ക് ഇവരിൽ തെറ്റുകളും പോരായ്മകളും മാറാതെ കിടക്കുകയോ, വർദ്ധിച്ചുവരികയോ ചെയ്യുന്നെങ്കിൽ അതിന് ഉത്തരവാദികൾ ആരാണ്? അവരെ കുറ്റപ്പെടുത്താൻ തുടങ്ങുന്ന എന്നെ മിണ്ടടക്കിക്കൊണ്ട് നീതികോപത്താൽ ആവേശഭരിതനായ ദാവീദിനോട് നാഥാൻ പറഞ്ഞതുപോലെ ദിവ്യനാഥൻ എന്നോടും പറയുകയില്ലേ: “നീ ആണ് ഇതിനു ത്തരവാദി” എന്ന്. മറിച്ച്, മുൻപറഞ്ഞവിധം നമ്മുടെ സഹി ഷ്ണുതയാലും സന്മാതൃകയാലും പ്രായശ്ചിത്തപ്രവൃത്തിക ളാലും അവരെ കൈകൊടുത്തുയർത്തിയാൽ, അവരായിരിക്കും നിത്യത്വത്തിൽ ഈശോ നാം വഴി നേടിയെടുത്ത വിജയ വസ്തു ക്കൾ (Trophies). ഇതാണ് ‘ദൈവത്തിന്റെ വിരോധാഭാസം’ (The Divine Paradox). ഇവിടത്തെ പരമശത്രു സ്വർഗ്ഗത്തിലെ വിജയ സ്മാരകം! ഇങ്ങനെ ഈശോ തന്നെ നേടിയെടുത്ത നിസ്തുല വിജയസ്മാരകങ്ങളാണ് മർദ്ദകനായിരുന്ന സാവൂളും നിന്ദക

നായിരുന്ന പത്രോസും.

അതിനാൽ നമ്മുടെ സമൂഹത്തിൽ ഒരുമിച്ചു വളരാനായി നമ്മുടെ പ്രവർത്തന രംഗത്തു നമ്മോട് ഇടപെടാനായി ആരെയെല്ലാം ദൈവം ക്രമീകരിച്ചു തന്നിരിക്കുന്നുവോ, അവരെയെല്ലാം അവർ ആയിരിക്കുന്നവിധം, അതായത് അവരുടെ സുകൃതങ്ങളോടും വികൃതങ്ങളോടും, ബലഹീനതകളോടും ദുർബ്ബലതകളോടും കൂടി സ്വീകരിക്കുക (Accept them as they are). അവരോട് ഒന്നിച്ചു വളരുക, പരസ്പരം വളർത്തുക! ഇതാണ് സാക്ഷാൽ പ്രവർത്തന പ്രാർത്ഥന! അതിനായി നാം വളർത്തിയെടുക്കേണ്ട സൽഗുണങ്ങൾ ഇവയാണ് :

1) സംതൃപ്തി 2) സഹനശീലം 3) സൗമനസ്യം 4) ദീർഘശാന്തത.

**1) സംതൃപ്തി** : നമ്മുടെ സമൂഹത്തിലുള്ളവർ മുൻപറഞ്ഞ ലക്ഷ്യത്തോടെ - നമ്മുടെ പരിശീലനക്കരുക്കളും പ്രേഷിത വിഷയങ്ങളുമായി ദൈവം നമുക്കുവേണ്ടി തിരഞ്ഞെടുത്തു നൽകിയവരാണെന്ന ബോദ്ധ്യം നമുക്കുണ്ടെങ്കിൽ അവരെ ലഭിച്ചതിൽ നാം തികച്ചും സംതൃപ്തരായിരിക്കും. അവരിൽ ഒരാളെ സമൂഹത്തിൽനിന്നും മാറ്റുവാനോ ഒഴിച്ചുനിർത്താനോ ഇടയാക്കിയാൽ നമ്മുടെ രൂപനിർമ്മാണത്തിന് ആവശ്യമായ ഒരു കരു നാം നിഷ്ക്രിയമാക്കുകയാണ് ചെയ്യുക. ഫലം? നമ്മുടെതന്നെ അവസാനരൂപത്തിൽ നിത്യം നിലനില്ക്കുന്ന അപൂർണ്ണതകൾ, അവ്യക്തതകൾ, ഒരുപക്ഷെ വികലതകൾ!

**2) സഹനശീലം**: സഹനശീലമില്ലാത്തവർ ശല്യം ഒഴിഞ്ഞുകിട്ടാനായി കൂട്ടുകാരെയോ, അധികാരിയെയോ, കീഴുള്ളവരെയോ ഭീഷണികൊണ്ടോ വിമർശനംകൊണ്ടോ തങ്ങളിൽനിന്ന് അകറ്റി നിർത്തും. ഈ തന്ത്രം തനിച്ചോ പലർക്കൂടി ഒരുമിച്ചോ ഉപയോഗിക്കാൻ പാടുണ്ട്. അതോടുകൂടി സമീപപസാദ്ധ്യതതന്നെ നഷ്ടപ്പെടും. സമൂഹം പിന്നെ അവരുടെ കാര്യത്തിൽ പഠനകളിരിയോ പ്രേഷിതവയലോ ആകുകയില്ലെന്നു സ്പഷ്ടം.

**3) സൗമനസ്യം** : ധിക്കാരപൂർവ്വം പെരുമാറുന്നവരോടും

തേജോവധം ചെയ്യുന്നവരോടുപോലും ബഹുമാനത്തോടും സ്നേഹത്തോടും അവർക്ക് സാധിക്കുന്നിടത്തോളം നന്മ ചെയ്തുകൊണ്ടും അവർ ‘‘ചതഞ്ഞ ഞാങ്കണയായി ത്തീർന്നാൽ” ഒടിച്ചുകളയാതെയും, “മങ്ങിക്കത്തുന്ന വിളക്കു കളായിത്തീരുമ്പോൾ” ഊതിക്കെടുത്താതെയും കൈകൊടു ത്തുയർത്തി അവരെയും നേടിയെടുക്കുന്ന സ്വഭാവമാണ് സൗമ്യശീലം.

ഈശോസഭക്കാരുടെ Tertian Group-ലെ ഒരച്ചൻ വിചാരി ച്ചു, മാസ്റ്ററെയും ഗ്രൂപ്പിലെ മറ്റു വ്യക്തികളെയും കുറച്ചുകൂടി “Modern” ആക്കുക തന്റെ ദൗത്യമാണെന്ന്. അതിനായി അദ്ദേഹം ആദ്യം മുതൽ മാസ്റ്ററുടെ മാദ്ധ്യമർഗ്ഗ(Via Media) നയത്തെയും അതേ ആശയക്കാരായ കൂട്ടുകാരുടെ നിലപാടിനെയും നഖ ശിഖാന്തം വിമർശിക്കുവാനും എതിർക്കുവാനും തുടങ്ങി. മാസ്റ്റർ, തന്നെ എതിർക്കുന്നില്ലെങ്കിലും തനിക്ക് വഴങ്ങുവാൻ തയ്യാറില്ലെന്ന് താമസിയാതെ മനസ്സിലായി. ആ ദിവസങ്ങളിൽ പുറമെയുള്ള ഒരു സ്നേഹിതനെ കണ്ടുമുട്ടി. സംഭാഷണമദ്ധ്യേ തന്റെ അസ്വസ്ഥതയെപ്പറ്റി പറഞ്ഞു. ഈ മാസ്റ്റർ മാറിയതിനു ശേഷമേ തനിക്ക് “Tertianship” പറ്റൂ എന്ന് സഭാധികാരികൾക്ക് എഴുതാൻ ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞു. “ഏതായാലും ഒരാ ഴ്ചയും കൂടി കഴിയട്ടെ” എന്നു പറഞ്ഞ് അദ്ദേഹം പിരിഞ്ഞു. ഒരാഴ്ച കഴിഞ്ഞ് സ്നേഹിതനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: “That’s a wonderful Man” എന്ന്. “അദ്ദേഹം ഒരു അത്ഭുത മനു ഷ്യനാണ്”. അദ്ദേഹം എന്നെ നേടിക്കഴിഞ്ഞു. എന്റെ വിമർശ നങ്ങളും ഏറ്റുമുട്ടലുകളും അദ്ദേഹത്തിന്റെ സൗമ്യശീലത്തിന്റെ പ്രദർശനരംഗങ്ങളായി മാറി. വിരോധമോ പകയോ അദ്ദേഹ ത്തിൽ ഞാൻ ദർശിച്ചില്ല. എന്നോടു നേരിട്ടും മറ്റുള്ളവരോടും എന്നെപ്പറ്റി ബഹുമാനത്തോടും സ്നേഹത്തോടുംകൂടി മാത്രമേ അദ്ദേഹം സംസാരിച്ചിട്ടുള്ളൂ. ആ കലർപ്പില്ലാത്ത സൗമനസ്യം വഴി അദ്ദേഹം എന്നെ നേടിക്കഴിഞ്ഞു. “സൗമനസ്യത്തിന്റെ വശ്യശക്തി!”

**4) ദീർഘശാന്തത** : വീണ്ടും വീണ്ടും നമ്മെ ശല്യപ്പെടുത്തു ന്നവരെയും സ്വന്തം കാര്യം മാത്രം നോക്കുന്നവരെയും അതി

നായി മറ്റുള്ളവരെ ബലിയാടുകളാക്കുന്നവരെയും സന്ന്യാസ സമൂഹത്തിൽ പോലും നാം കണ്ടുമുട്ടിയെന്നുവരും. ഇങ്ങനെ യുള്ളവരോട് എത്ര പ്രാവശ്യം ക്ഷമിക്കണം. തിരുസഭാധ്യക്ഷ നാകാനിരുന്ന വി. പത്രോസ്, ആ സംശയം ഒന്നു തീർത്തുവ യ്ക്കാനായി ഗുരുവിനോടു ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം "ഏഴ് എഴുപതു പ്രാവശ്യം" എന്നായിരുന്നുവല്ലൊ. നമ്മിലേ ക്കുതന്നെ ഒന്നുനോക്കുക. ദൈവം തന്നെ ദിവസത്തിൽ എത്ര യെത്ര പ്രാവശ്യം നമ്മോടു ക്ഷമിക്കുന്നു! "ഏഴ് എഴുപതു പ്രാവശ്യം" അല്ലേ? ദൈവത്തിന്റെ സ്വഭാവം തന്നെ ദീർഘശാ ന്തതയാണ്. തന്റെ പ്രതിനിധിയായ മൂശ, ആ വസ്തുതയ്ക്ക് ജനസമക്ഷം നൽകാതിരുന്നപ്പോൾ അവിടുന്ന് അദ്ദേഹത്തെ കഠിനമായി ശിക്ഷിച്ചു.

ദീർഘശാന്തതവഴി നാം നമ്മുടെ സഹോദരരെ നേടണം. "ഞാൻ ഒരു മുൻകോപിയാണ്" - "എന്റെ ഒരു നോട്ടം കൊണ്ട് ഒരാളെ ഞാൻ മുട്ടുകുത്തിച്ചു" - "എന്റെ ഗൗരവമായ മുഖഭാവം കണ്ടപ്പോൾ വേറൊരാൾ തലചുറ്റി വീണു - വേറൊരാൾക്കു പനി പിടിച്ചു; ഇനിയുമൊരാൾ ആജീവനാന്തം ആസ്തമ രോഗി യായി" എന്നൊക്കെ മിടുക്കു പറഞ്ഞ്, തങ്ങൾ വലിയവരെന്നു ഭാവിക്കുന്നവരെപ്പറ്റി എന്തു പറയണം? ദൈവം ക്രമീകരിച്ചു കൊടുത്ത പരിശീലനക്കളരിയെ - പ്രേഷിതരംഗത്തെ - അവർ കൊലക്കളമായി പകർത്തിയെന്നു മാത്രം.

പ്രവർത്തന പ്രാർത്ഥന അഥവാ പ്രാർത്ഥനാ നിരതമായ പ്രവർത്തനം, ഉപാസന (Spousal Prayer) വഴി ലഭിച്ച ദൈവ സാരൂപ്യം പ്രവർത്തിയിലാക്കുന്നതിലാണ് അടങ്ങിയിരിക്കുന്ന ത്. വി. അമ്മത്രേസ്യാ തന്റെ ആത്മീയമക്കളോടു പറഞ്ഞു: അവ രുടെ പ്രണിധാനത്തിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ അത് പ്രത്യക്ഷമാകുക. സമൂഹത്തിലെ സഹോദരികളോടുള്ള അവ രുടെ പെരുമാറ്റത്തിലെ പരോന്മുഖാഭിമുഖ്യത്തിലായിരിക്കുമെ ന്ന്. "പ്രേഷിതവൃത്തിയെ ഉത്തേജിപ്പിക്കുന്ന പ്രാർത്ഥനയും, പ്രാർത്ഥനയെ സമ്പന്നമാക്കുന്ന പ്രേഷിതവൃത്തിയും (Const. No. 4).

# ഭാഗം III

## നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ പ്രത്യേകആഭിമുഖ്യങ്ങൾ

നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ നാം നിഷ്കർഷിക്കേണ്ട മൂന്നു പ്രത്യേക ആഭിമുഖ്യങ്ങളാണ് പ്രതിപാദന വിഷയം: 1) പ്രേഷിതാഭിമുഖ്യം, 2) മദ്ധ്യസ്ഥാഭിമുഖ്യം, 3) കർമ്മലാഭിമുഖ്യം, 4) ആരാധനാഭിമുഖ്യം 5) ആനുരുപ്യാഭിമുഖ്യം.

**1. പ്രേഷിതാഭിമുഖ്യം** : നാം ബോധപൂർവ്വം ധ്യാനിച്ചുകൊണ്ട്, വാക്കുകൾ സ്ഫുടമായി ശബ്ദിച്ച്, വേണ്ട നിർത്തുകളോടുകൂടി, ഏകസ്വരത്തിൽ നടത്തുന്ന സാമൂഹ്യപ്രാർത്ഥനകൾക്ക് വലിയ വശ്യശക്തിയുണ്ട്. പുറമേനിന്നു കേൾക്കുന്നവരേയും അവ ദൈവത്തിലേക്കാകർഷിക്കും. പുരാതനകാലത്ത് ആശ്രമങ്ങളിൽ നിന്നുയർന്നിരുന്ന പ്രാർത്ഥനകൾ, പല പാപികളും മാനസാന്തരപ്പെടുവാൻ ഇടയാക്കിയിട്ടുണ്ടെന്ന് ചരിത്രം സാക്ഷിക്കുന്നു. നമ്മുടെ, പരേതനായ ബ. ആൽഫ്രെഡച്ചന്, നമ്മുടെ സഭയിലേക്കുള്ള ദൈവവിളിയുടെ ആരംഭം. അന്ന്, അമ്പഴക്കാട്ട് നോവിസ് ആയിരുന്ന തന്റെ അനുജനെ - ബ. ദൊരൊത്തേവൂസച്ചനെ - സന്ദർശിക്കാൻ ചെന്ന അവസരത്തിൽ, പ്രാർത്ഥനാമുറിയിൽനിന്നുകേട്ട അദ്ദേഹത്തിന്റെ യാമ പ്രാർത്ഥനയായിരുന്നുവെന്ന്, അദ്ദേഹം അഭിമാനപൂർവ്വം പറയുമായിരുന്നു.

ഒലിവർ ഗോൾഡ്സ്മിത്ത്, അദ്ദേഹത്തിന്റെ “The Deserted Village” എന്ന കവിതയിൽ, ആ വില്ലേജു ദേവാലയത്തിലെ പാർസനെപ്പറ്റി ഒരു വിവരണം നൽകുന്നുണ്ട്. അദ്ദേഹം തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്ന രീതി കണ്ടപ്പോൾ അവ കണ്ടു, പരിഹസിക്കുവാനുദ്ദേശിച്ചു വന്നിരുന്ന ചില യുവാക്കൾ പ്രാർത്ഥിച്ചുനിന്നുപോയത്രേ - “Those Who came to scoff remained to pray”.

നാം വിചാരിച്ചാൽ നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ എല്ലാ ഘടകങ്ങളും ഇതുപോലെ പ്രേഷിതശക്തിയുള്ളവയാക്കിത്തീർക്കുവാൻ സാധിക്കും. ഇന്നത്തെ ലോകത്തെ ദൈവത്തി

ലേക്കാകർഷിക്കുവാൻ സാധിക്കുന്ന കാര്യക്ഷമമായ ഒരു പ്രേഷിത പ്രവർത്തനമാണിത്.

പക്ഷേ, കത്തോലിക്കരുടെ ഇടയിൽ ഇന്ന് പ്രാർത്ഥന വെറും ചൊല്ലിക്കൂട്ടലായിത്തീർന്നിട്ടില്ലേ എന്നു സംശയിക്കണം. സാധാരണ ജനങ്ങളുടെ ഇടയിൽ മാത്രമല്ല, അവർക്കു മാതൃകരായിരിക്കേണ്ട സന്യാസികളുടെയും വൈദികരുടെയും ഇടയിൽപ്പോലും ചൊല്ലിക്കൂട്ടൽ രീതി കടന്നുപറ്റിയിട്ടുണ്ട്. ബാംഗ്ലൂരിൽ കത്തോലിക്കാ അകത്തോലിക്കരുമായ തിയൊളോജിയൻസ് ഒരുമിച്ചുകൂടി ചർച്ചകൾ നടത്തുവാനായി ഒരു സംഘടന രൂപീകൃതമായി (1960-കളിൽ). അതിന്റെ ആദ്യ സമ്മേളനത്തിൽ എല്ലാവർക്കും സ്വീകാര്യമായ Our Father ജപിക്കുവാൻ തുടങ്ങി. കത്തോലിക്കരായ ഞങ്ങൾ എല്ലാവരുംതന്നെ അതു പെട്ടെന്നു ചൊല്ലിത്തീർത്തു. പക്ഷെ അകത്തോലിക്കർ അതിനകം ആദ്യഭാഗത്തുതന്നെ ആയിരുന്നു. അവർ തലകുനിച്ച്, ധ്യാനപൂർവ്വം വാക്കുകൾ സ്ഫുടമായി ശബ്ദിച്ച് കർതൃ പ്രാർത്ഥന ജപിക്കുകയായിരുന്നു. ഞങ്ങൾ തിരിച്ച് അവരോടുകൂടി, അവരെപ്പോലെ ജപിച്ചുതീർത്തു. പിന്നീട് ഞങ്ങൾ തമ്മിൽ പറഞ്ഞു: ആദ്യമായിത്തന്നെ അവർ നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചുവെന്ന്.

**നമ്മുടെ ധൃതികൂട്ടൽ** : നമ്മുടെ ധൃതികൂട്ടലിന്റെ അടിയിൽ പ്രവർത്തിക്കുന്നത് ഒരു പക്ഷേ, ജോലികൾക്ക് ആവശ്യമായ സമയത്തെപ്പറ്റിയുള്ള വ്യഗ്രതയായിരിക്കും.

ഈ ആവലാധിയ്ക്കു പ്രതിവിധിയായി ദിനചര്യ സംബന്ധിച്ച ചർച്ചകളിൽ പ്രാർത്ഥനയുടെ സമയം വെട്ടിക്കുറച്ച് പഠനത്തിനും ജോലികൾക്കുമായി സമയം ലാഭിക്കുവാനുള്ള മാർഗ്ഗങ്ങൾ തേടാറുണ്ട്: അനുഭവത്തിൽ നിന്നും പറയുകയാണ്. ഫലമോ, വിസീത്ത റംശയുടെ അവസാനത്തിൽ തീർത്തുപോരുക, കൊന്ത തനിച്ചാക്കുക, സപ്രായുടെ അവസാന പ്രാർത്ഥനകളുടെ സമയത്ത് കുർബ്ബാന ചൊല്ലുന്ന ആളും സഹായികളും പോയി ഒരുങ്ങി സപ്രാ കഴിയുമ്പോഴെയ്ക്കും അൾത്താരയിലെത്തുക - ഇവ ചില ഉദാഹരണങ്ങൾ മാത്രം. പ്രാർത്ഥന വെട്ടിക്കുറച്ച്, അഥവാ ധൃതിയിൽ നടത്തി ജോലിക്കും വിശ്രമ

ത്തിനും വിനോദങ്ങൾക്കുമായി സമയം ലാഭിച്ചിരുന്ന പ്രതിഭാസം! പ്രയോഗത്തിൽ നടന്നതെന്താണ്? പ്രാർത്ഥനയുടെ പ്രഥമപ്രാധാന്യം (Primacy) വെറും വാക്കുകളിൽ മാത്രം. പ്രാർത്ഥന മറ്റു കാര്യങ്ങളെപ്രതി ബലിവസ്തുവായിത്തീർന്നു എന്ന ദു:ഖസത്യം! "ഈ ജനം അവരുടെ അധരങ്ങൾകൊണ്ട് എന്നെ സ്തുതിക്കുന്നു, അവരുടെ ഹൃദയം എന്നിൽ നിന്നകന്നിരിക്കുന്നു" എന്ന ആവലാധിയ്ക്ക് നമ്മുടെ സഭയുടെ ഇടക്കാല ചരിത്രവും അതായത് നാം ഓരോരുത്തരും കുറെയൊക്കെ കാരണമായിട്ടില്ലേ എന്ന് ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. കുറവു വന്നിട്ടുണ്ടെങ്കിൽ തിരുത്തുകയും വേണമല്ലൊ.

**ii. മാദ്ധ്യസ്ഥാഭിമുഖ്യം** : ദൈവസമക്ഷം ഒരുമിച്ചു വളരുന്നതിനും പരസ്പരം വളർത്തുന്നതിനും മുന്നണി പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കുന്നതിനും മദ്ധ്യസ്ഥ പ്രാർത്ഥനകൾ ക്രമീകൃതമായി നടക്കണമെന്ന് ആദ്യകാലം മുതലേ ദൈവജനത്തിനു ബോദ്ധ്യമുണ്ടായിരുന്നു. അതിന്റെ സാക്ഷ്യമാണ് പഴയ നിയമ കാലം മുതലുള്ള യാമപ്രാർത്ഥനകൾ.

പക്ഷേ കാലാന്തരത്തിൽ യാമപ്രാർത്ഥന തണുത്തുപോയി. കേവലം യാന്ത്രികമായി അതു മാറുവാൻ തുടങ്ങി. അതിനുള്ള പ്രതിവിധിയായി ബസ്സിലിക്കകളിൽ വലിയ സ്ഥാനവും ശമ്പളവും കൊടുത്ത് "കാനൻ" മാരെ നിയോഗിച്ചു. അവരുടെ കടമ കാനോനിക ജപം കൃത്യമായി ആഘോഷമായി നടത്തുക മാത്രം. പക്ഷേ അവരുടെ പ്രാർത്ഥനയും കാലാന്തരത്തിൽ ശമ്പളത്തെ പ്രതിയുള്ള കടംതീർക്കലായിത്തീർന്നു. അതിനുള്ള പ്രതിവിധിയായിരുന്നു Canona Regular എന്ന സന്ന്യാസസഭ. ശമ്പളത്തെ പ്രതിയല്ല, ദൈവത്തെ പ്രതി യാമപ്രാർത്ഥനാ സേവനത്തിനായി സ്വയം സമർപ്പിക്കുന്നവരുടെ സമൂഹം! പക്ഷേ, കാലാന്തരത്തിൽ അവരുടെ പ്രാർത്ഥനയും മിക്കവാറും അധരസേവയായി തരംതാഴ്ന്നു. ഏതായാലും പ്രണിധാന പ്രധാന സഭകൾ (Contemplative Orders) ആന്തരീകതയ്ക്കു കോട്ടം വരാതെ, യാമപ്രാർത്ഥന നടത്തുമെന്ന പ്രത്യാശയ്ക്കു വക നൽകി. അവരിലും കാലാന്തരത്തിൽ അത് തരംതാണുപോയി. അവരുടെ "നാലംഗനിയമം" തന്നെ അതിന് ഉദാഹരണമാണ്.

മാദ്ധ്യസ്ഥ പ്രാർത്ഥനയുടെ തീക്ഷ്ണതയ്ക്കു കോട്ടം വരാതെ അത് സദാ സജീവമായി നടക്കുന്നതിനുള്ള മാർഗ്ഗം ഒരുപക്ഷെ ഇതു മാത്രമാണ്. ഓരോ സഭയിലും ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിക്കാൻ തീരാദാഹമുള്ള വ്യക്തികൾ ഉണ്ടായിരിക്കും. അവരെ നിരുത്സാഹപ്പെടുത്താതെ പ്രോത്സാഹിപ്പിക്കുക; അവർക്കു സഹായ സജ്ജീകരണങ്ങൾ നൽകുക. ഉദാഹരണമായി പ്രാർത്ഥനാ കേന്ദ്രങ്ങൾ നിർമ്മിക്കുക.

ഇതുവഴി ഓരോ സഭയുടെയും, തിരുസഭ മുഴുവന്റെയും മുന്നണിയിലേയ്ക്ക് ആദ്ധ്യാത്മിക വിഭവങ്ങൾ നിരന്തരം ഒഴുകുവാൻ ഇടയാകുന്ന പിന്നണി ഘടകങ്ങൾ രൂപം പ്രാപിക്കും. ഈ പിന്നണികളെ എന്നും വിശ്വസിക്കാം. അവിടെ ആദ്ധ്യാത്മികതയിൽ തണുപ്പില്ല, അലസതയില്ല, അലക്ഷ്യതയില്ല, സന്ദർശനങ്ങൾക്കും സൽക്കാരങ്ങൾക്കും വിനോദങ്ങൾക്കും വിശ്രമത്തിനുമായി ഓടിനടപ്പില്ല. അവിടെ സ്ഥായിയായ പ്രാർത്ഥന നടക്കും. പ്രാർത്ഥനാനുഭവത്തിനായി അവിടെ മാറി മാറി വരുന്ന വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും തീക്ഷ്ണതയിൽ തീർച്ചയായും വിശ്വസിക്കാം.

സുപ്പീരിയേഴ്സിന്റെ ക്ഷമയെ അതീവം പരീക്ഷിക്കുന്ന പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടായി എന്നുവരും. അവ വേണ്ടവിധം കൈകാര്യം ചെയ്യണം. പ്രശ്നക്കാരായ വ്യക്തികളെ വേണ്ടവിധം തിരുത്തണം. അവരെ ചതഞ്ഞ ഞാങ്ങണയെപ്പോലെ ഒടിച്ചുകളയുകയൊ, മങ്ങിക്കത്തുന്ന വിളക്കുപോലെ ഊതിക്കെടുത്തുകയോ ചെയ്യാതെ, 'ഏഴ് എഴുപതു പ്രാവശ്യം' ക്ഷമിച്ചുകൊണ്ട്, ശാന്തതയോടും സൗമനസ്യത്തോടും കൂടി, നേടിയെടുക്കണം. അതിനാവശ്യമായ ദിവ്യശക്തി, മേൽപറഞ്ഞ പിന്നണികളുടെ മദ്ധ്യസ്ഥ പ്രാർത്ഥന വഴി തിരുസന്നിധിയിൽനിന്നു വന്നുചേരും.

സഭാധികാരികൾക്കു മാത്രമല്ല മുന്നണിയിൽ പ്രവർത്തനനിരതരായിരിക്കുന്ന ഓരോരുത്തർക്കും ദിവ്യപ്രകാശം, ഉറപ്പുള്ള പ്രത്യാശ, അജയ്യമായ ആത്മധൈര്യം മുതലായ വിഭവങ്ങൾ തിരുസന്നിധിയിൽ നിന്നു വന്നു ചേർന്നുകൊണ്ടിരുന്നാൽ നമ്മുടെ പ്രവർത്തനങ്ങൾ സജീവമാകും; സുശക്തമാകും, അതി

വേഗം പുരോഗമിക്കും.

ഈ പ്രാർത്ഥനയുടെ രീതി എന്താണ്? സി. എസ്. ആറിൽ ഈ കഴിഞ്ഞ ആറു വർഷം നടത്തിവന്നിരുന്ന പ്രാർത്ഥനയുടെ രീതി സംബന്ധിച്ച് അത് ആരംഭിച്ച അവസരത്തിൽ അന്നത്തെ ബ. ജനറാളച്ചന് ഞാൻ കുറിച്ചയച്ചതിന്റെ പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

## My Daily Prayer - Programme at CSR

Introduction: In the context of the ever - increasing need of our service for our master in diverse fields *out side the sanctuary* an ever-increasing stress has to be given to waiting upon him in prayer within the sanctuary too; so that both these aspects may mutually enhance the beauty and effectiveness of our service in its totality.

Hence, under the inspiration of the holy spiri, and with the blessing of the supoeriors there started a definite prayer-programme at CSR from June 22, 1981.

**The programme :** Five times a day, one hour each time I offer the prayers, petitions and supplications of each of my brethren the Carmelites of Mary Immaculate - of each of my brothers and sisters in religion, of all my brothers and sisters in christian faith together with mine own... to our supreme High Priest through the hands of Mary, our Immaculate Mother and wait upon him on behalf of all with Mary our Mother and those who would join us either in body or in spirit in the holy place (the chapel) with psalms, hymns and spiritual songs while he offers our petitions to the Father in the holy of holies and intercedes for us.

**Thrust of the Hours :**

*One hour of learning prayer* taking inspiration from Is. 50: 4 - 6 (as the sevant of the Lord)

*One hour of learning prayer* taking inspiration from *Mary of Bethany at the feet of Jesus*

*Three hours* of Intercessory prayers (*one hour* for all especially the missionaries, the 2nd hour for the leaders of the church and state, and the 3rd hour for all consecrated souls labouring in diverse fields of the Lord's vineyard.

**iii. കർമ്മെലാഭിമുഖ്യം** : ആഴമായ പ്രാർത്ഥന മാത്രമല്ല, അതോടൊപ്പം തിരുസഭയുടെ പ്രതിസന്ധികളിൽ ദൈവജനത്തിനു പ്രതിസന്ധിയിൽനിന്നുയരാൻ തക്ക പ്രാർത്ഥനാ നേതൃത്വവുമാണ് കർമ്മെലസിദ്ധി എന്ന് ചരിത്രം സാക്ഷിക്കുന്നു (അനുബന്ധം 2 കാണുക).

ഇന്ന് തിരുസഭ ഒരു പ്രതിസന്ധിയിലാണ്. സന്ന്യാസികൾക്കും വൈദികർക്കും പ്രാർത്ഥനയിൽ വിരസത അനുഭവപ്പെടുന്നു. പലരും അതുമൂലം പ്രാർത്ഥനാജീവിതം ഉപേക്ഷിക്കുന്നു. അതേ സമയം അവർക്ക് അന്തരംഗത്തിൽ അനുഭൂതിദായകമായ പ്രാർത്ഥനയ്ക്കുള്ള തീവ്രദാഹവും അനുഭവപ്പെടുന്നു. ആകമാന ലോകത്തിന്റെ സ്ഥിതി ഇതിന്റെ വേറൊരു പകർപ്പാണ്. പാപബോധത്തിന്റെ തിരോധാനം അതേ സമയം ദൈവാനുഭവത്തിനുള്ള തീരാദാഹം.

ഈ രണ്ടു കൂട്ടർക്കും പറ്റിയ പ്രാർത്ഥനാ നേതൃത്വം നൽകാൻ നമ്മിലെ കർമ്മെലസിദ്ധി പ്രവർത്തന നിരതമാക്കേണ്ടതാണ്.

സന്ന്യാസികളും വൈദികരും C. S. R.-ലെ മുകളിൽ പറഞ്ഞ Daily Programme of Prayer-ൽ പങ്കുചേർന്നതിനു ശേഷം സംതൃപ്തി പ്രകടിപ്പിച്ചുകാണുന്നുണ്ട്. കൂടുതൽ ആഴമായ ദൈവാനുഭവ പ്രാർത്ഥനയ്ക്കായി ആഗ്രഹവും പ്രകടിപ്പിക്കുന്നുണ്ട്. അപ്രകാരമുള്ള പ്രാർത്ഥനാ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഇന്ന് നമുക്കുണ്ട്. ഉദാ: "Prayer of Concentration", "Prayer through the Psalms", "Prayer through the symbols in nature". ഈ കാര്യങ്ങളിൽ നേതൃത്വം നല്കാൻ കഴിയുന്ന വ്യക്തികളും ഇന്നു നമ്മുടെ സഭയിലുണ്ട്. അവരെ

പ്രവർത്തനനിരതരാക്കി ആയിരക്കണക്കിനുള്ള സന്ന്യാസിനീ സന്ന്യാസികളെയും വൈദികരെയും പ്രാർത്ഥനാനുഭവത്തിൽ ആഴപ്പെടുത്തുന്നതിന് നമ്മുടെ കർമ്മെലസിദ്ധി മുൻകൈ എടുക്കേണ്ടതാണ്.

ആകമാനലോകത്തിന് ദൈവത്തെ സാക്ഷാൽ അപ്പനായി കാണുന്ന പുതിയ ഉടമ്പടിയുടെ ആദ്ധ്യാത്മികതയിലേയ്ക്കു നേതൃത്വം നൽകിയാൽ, അതിനെ എളുപ്പത്തിൽ പാപബോധ ത്തിലേയ്ക്കും ദൈവാമുഭവത്തിലേയ്ക്കും ഉയർത്തിയെ ടുക്കുവാൻ നമുക്കു സാധിക്കും. അതിനുള്ള കുറുക്കുവഴി യാണ് ദൈവപരിപാലനയുടെ നിഗൂഢതയിൽ തിരുസഭ ഇന്ന് അൾത്താരയിലേക്കുയർത്തിയിരിക്കുന്ന നമ്മുടെ പിതാവ് വാ. കുരിയാക്കോസ് ഏലിയാ ഉപദേശിച്ചു തരുന്നത്. വായന, ഏകാ ന്തം, ധ്യാനത്തോടുകൂടിയ നമസ്കാരം, ധ്യാനം. ഈ നാലിന പരിപാടി, ജനസാമാന്യത്തിനു പരിചയപ്പെടുത്തിയാൽ ഇന്നത്തെ പ്രതിസന്ധിയിൽനിന്ന് അവരെ ഉയർത്തി "ദൈവ ത്തിനു സ്വീകാര്യമായ ഒരു ജനതയായി" അവരെ വളർത്തി യെടുക്കുവാൻ സാധിക്കും.

1. **വായന** : സ്വന്ത ജീവചരിത്രം, പ്രപഞ്ചമാകുന്ന തുറന്ന പുസ്തകം, പിതാവായ ദൈവം മക്കളുടെ കയ്യിൽ തന്നിരിക്കുന്ന "Hand Book" അതായത് വി. ഗ്രന്ഥം, അതനുസരിച്ചു ജീവിച്ച് വിജയം നേടിയ വിശുദ്ധരുടെയും വിശുദ്ധകളുടെയും ജീവ ചരിത്രങ്ങൾ എന്നിവയുടെ വായനയിൽനിന്നു ലഭിക്കുന്ന ഹൃദ യസ്പർശികളായ അനുഭവങ്ങൾ - ചിത്രങ്ങൾ - നമ്മുടെ സ്മര ണയുടെ കലവറയിൽ അടുക്കടുക്കായി സംഭരിക്കുക.

2. **ഏകാന്തം** : മുൻപറഞ്ഞ ശേഖരത്തിൽനിന്നു പ്രസക്ത മായവ എടുത്ത് ഏകാന്തതയിൽ പിതൃസന്നിധിയിലും ഗുരു വിന്റെ പാദാന്തികത്തിലും ഇരുന്ന് അനുസ്മരിക്കുക. ഇങ്ങനെ സ്മരിക്കുമ്പോൾ നമ്മുടെ "അപ്പന്റെ" ചാവരുൾ നമ്മെ വിസ്മ യിപ്പിക്കും. അതോടെ നമ്മുടെ ഹൃദയം പ്രതിസ്നേഹത്താൽ ജ്ജ്വലിക്കും. അതുപോലെ അപ്പന്റെ ആഭിജാത്യത്തിനു നിര ക്കാത്ത വിധം നമ്മിൽ വന്നുപോയ അപരാധങ്ങൾ, നോട്ട ത്തിലും സംസാരത്തിലും ഇരിപ്പിലും നടപ്പിലും കണ്ടു വേദ

നിക്കുന്ന അപ്പന്റെ ഹൃദയത്തെ ഓർത്ത് നമ്മുടെ ഹൃദയങ്ങൾ അപ്പനോടുള്ള അനുകമ്പാർദ്ര സ്നേഹത്താൽ സ്പന്ദിക്കും (അനുതപിക്കും). അപരാധങ്ങൾ കാൺകെതന്നെ ഉപരിനന്മകളാൽ നമ്മെ സമ്പന്നരാക്കിക്കൊണ്ടിരിക്കുന്ന അപ്പന്റെ ഉറച്ച സ്നേഹത്തെ ഓർത്ത് നമ്മുടെ ഹൃദയങ്ങൾ ഉപരി സ്നേഹത്താൽ ഉജ്ജ്വലിക്കും. വാ. ചാവറ തന്നെ ഇതെങ്ങനെ ചെയ്തിരുന്നുവെന്ന് നമ്മെ മനസ്സിലാക്കുന്ന ഉത്തമഗ്രന്ഥങ്ങളാണ് "ആത്മാനുതാപവും" "ധ്യാനസല്ലാപവും".

**3. ധ്യാനത്തോടുകൂടിയ നമസ്കാരം :** മുൻപറഞ്ഞവിധം സ്മരിക്കുകയും ജ്വലിക്കുകയും സ്മരിക്കുകയും തപിക്കുകയും സ്മരിക്കുകയും ഉജ്ജ്വലിക്കുകയും ചെയ്യുവാൻ ശീലിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകളും പ്രവർത്തനവും ധ്യാനനിരതമാകും. അങ്ങനെ നമസ്കാരങ്ങളെല്ലാം ധ്യാനത്തോടുകൂടി – ധ്യാനപൂർവ്വം നടത്തുക.

**4. ധ്യാനം :** ***ദൈവത്തോടും*** – അതായത് "അപ്പനോടും" – നമ്മിൽനിന്ന് ഒന്നും ആവശ്യപ്പെടാതെ നമ്മുടെ കടങ്ങളെല്ലാം സ്വന്ത രക്തം കൊടുത്തു വീട്ടി പിതാവിന്റെ അവകാശത്തിനു നമ്മെ അർഹരാക്കിയ ***ജ്യേഷ്ഠസഹോദരനോടും*** ഉള്ള സ്നേഹസല്ലാപമാണ് – സംഭാഷണമാണ് – ധ്യാനം. ഈ ഭാഷണം ദിവ്യാനുഭൂതിദായകമാണ്. അതേ സമയം അത് അപ്പന്റേയും ജ്യേഷ്ഠന്റെയും മുഖദർശനത്തിനുള്ള അഭിവാഞ്ചയാൽ നമ്മെ സ്വർഗ്ഗോന്മുഖമാക്കിത്തീർക്കും.

"എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
ഏകാന്ത പ്രേമത്താൽ പാർക്കുന്നഹം!
ഏകനാഥേശാ നിന്നുടെ ദാസനുമേ,
ഏകദാ നിന്നെ ഞാൻ കാണാകേണം" (വാ. ചാവറ)

ഇപ്രകാരം കേരളസഭയ്ക്കും ആകമാനസഭയ്ക്കും ഇന്നത്തെ പ്രതിസന്ധിയിൽ കർമ്മെലയിൽനിന്നു വാ. ചാവറയോടുകൂടെ പ്രാർത്ഥനാ നേതൃത്വം നൽകുവാൻ നമ്മുടെ സഭാധികാരികൾ മുൻകരുതലെടുത്തിരുന്നെങ്കിൽ! അവർ വിചാരിച്ചാൽ ഇതു നടക്കും. അവർ വിചാരിച്ചാലേ നടക്കൂ.

**അനുബന്ധം 1**

## നമ്മുടെ നിസ്തുലമനോഹരമായ ദിവ്യബലി

(mal. 1/11; Const on Liturgy 10)

### ഉള്ളടക്കം

1. പ്രാരംഭം : പിതാവിന് അഭിവാദ്യം
   Jon. 3/16; Lk. 2/14; Mt. 6/9-13.
2. "അരൂപിയിലും സത്യത്തിലും ആരാധന"
   Jon. 4/23; Eph. 5/18-20; Rom. 8/26
3. ദിവ്യഭോജനദാനം :
   i. ലിഖിതവചനഭോജനം 11 Tim. 3/15-17
      1. ഒരുക്കം
      2. വായന
      3. സാദ്മീകരണം
      4. കാറോസൂസാ
      5. ആശീർവ്വാദവും അയക്കലും

   ii. മാംസളവചനഭോജനം : Joh. 6/48-59, Lk 22/19-20, 1 Cor. 11/23-34
      1. സ്തുതിസ്തോത്രം - സ്വർഗ്ഗസ്ഥരോടുകൂടെ
      2. അനുസ്മരണങ്ങൾ
         a) ആകമാനം
         b) പീഡാനുഭവം - പുനരവതരണം
         c) ആജ്ഞ (നിർവ്വഹണം)
      3. സമർപ്പണം
      4. അഭ്യർത്ഥനകൾ
      5. സ്വീകരണം
4. കൃതജ്ഞതാപ്രകടനങ്ങൾ
5. ആശീർവ്വാദവും വിടവാങ്ങലും

# നമ്മുടെ നിസ്തുത മനോഹരമായ ദിവ്യബലി

(1) **പ്രാരംഭം** പിതാവിന് മക്കളുടെ അഭിവാദ്യം

1. കൃതജ്ഞത അലതല്ലുന്ന ഈരടി (ജേഷ്ഠസഹോദരനെ ലോകത്തിൽ അവതരിപ്പിച്ചുകൊണ്ട് ദൈവദൂതഗണം പാടിയ "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും" എന്ന ഗാനം

N.B. ഏകജാതനെ ലോകത്തിലേയ്ക്കയച്ചുതന്നതിനു കൃതജ്ഞത നിറഞ്ഞ ഹൃദയങ്ങളോടെ ഇളയ മകൾ, പ്രസ്തുത ഈരടികൾ ആലപിക്കുന്നു. Joh. 3/16; Lk. 2/14.

2. പിതാവിന് ആശംസ - അഭ്യർത്ഥന, (ഏകജാതൻ തന്നെ രൂപപ്പെടുത്തിത്തന്ന വാക്കുകളിൽ) "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... Mt. 6/9-13

   i. അങ്ങയുടെ നാമം പൂജിതമാക്കണം!
   അങ്ങയുടെ രാജ്യം വരണം!
   അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമമാകണം.

   ii. അതിനായി അനുദിനം ഭോജനം നല്കി, ആഭിജാത്യത്തോടെ ജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണം.

   iii. അസൂയാലുവായ ദുഷ്ടനിൽനിന്നും അവന്റെ പ്രലോഭനങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണം.

   രാജ്യവും ശക്തിയും മഹത്വവും അങ്ങയുടേതാണല്ലോ

   iv. ഞങ്ങൾ പരസ്പരം സ്നേഹിച്ചു ജീവിച്ചുകൊള്ളാം. അതോർത്തു ബലഹീനരായ ഞങ്ങളുടെ അപരാധങ്ങൾ ക്ഷമിക്കണമേ.

3. സമാഹാര പ്രാർത്ഥന : "നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ആരാധ്യമായ ത്രീത്വത്തിന്റെ മഹനീയമായ നാമത്തിനു, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ!"

(2) **"അരൂപിയിലും സത്യത്തിലും ആരാധന"** (Cfr. Joh. 4/23; Eph. 5/18-20; Rom. 8/26)

i. ആരൂപിയിൽ : പരിശുദ്ധാരൂപിയുടെ നെടുവീർപ്പുകൾ ഉൾക്കൊള്ളുന്ന സങ്കീർത്തനങ്ങളിലൂടെ പിതാവിനെ സ്തുതിക്കുന്ന (കാലത്തിന്റെയും ദിവസത്തിന്റെയും ചൈതന്യം പകരുന്ന സങ്കീർത്തനം) Eph. 5/18-20, ഉദാ. Ps. 15

ii. സത്യത്തിൽ : അരൂപിയിൽ ആരാധിച്ചു തുടങ്ങിയ ഇളയ മക്കളുടെ പക്കലേക്ക് തന്റെ വലതുഭാഗത്തിരിക്കുന്ന ആദ്യജാതനെ - "സത്യവും വഴിയും ജീവനു" മായ - ഏക മദ്ധ്യസ്ഥനും നിത്യപുരോഹിതനുമായ - ഈശോയെ അയയ്ക്കുന്നു; അരൂപിയിൽ ആരംഭിച്ച ആരാധന പിതാവിന്റെ പക്കൽ എത്തിക്കുവാൻ. Joh. 14/6; 1Tim. 2/1-5; Heb. 2/3; Mt. 18/19-20

1. എതിരേല്പിന് ഒരുക്കം : പിതാവിന്റെ സ്നേഹത്താൽ സുരഭിലമായ ഹൃദയം, അവിടത്തെ ജ്ഞാനത്താൽ പ്രകാശിതമായ ആത്മാവ്, അതിനായി പിതാവിനോടുതന്നെ സഹായം അഭ്യർത്ഥിക്കുന്നു; "ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രൻ സ്വർഗ്ഗത്തിൽനിന്നെഴുന്നള്ളവരുമ്പോൾ, അങ്ങയുടെ സ്നേഹത്താൽ സുരഭിലമായ ഹൃദയത്തോടും അങ്ങയുടെ ജ്ഞാനത്താൽ പ്രകാശിതമായ ആത്മാവോടുകൂടെ, ആനന്ദപൂർവ്വം അവിടത്തെ എതിരേൽക്കുവാനും അനുഗ്രഹസമ്പന്നമായ സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കു

വാനും ഞങ്ങളെ യോഗ്യരാക്കണമേ."

2. എതിരേല്പ് : ഇറങ്ങിവരുന്ന നിത്യപുരോഹിതനെ – വഴിയും സത്യവും ജീവനുമായ – സ്വന്ത രക്തം ചിന്തി, സൗജന്യമായി നമ്മെ സ്വർഗ്ഗാവകാശികളാക്കിയ ജേഷ്ഠസഹോദരനെ, ധൂപാർച്ചനയോടുകൂടി, എല്ലാവരും എതിരേൽക്കുന്നു.

   "സകലത്തിന്റെയും നാഥാ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു! ഈശോമിശിഹായെ ഞങ്ങളങ്ങയെ പുകഴ്ത്തുന്നു, എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു."

3. വന്നു കഴിയുമ്പോൾ : കാർമ്മികൻ സമാഹരിക്കുന്നു:

   "സകലത്തിന്റെയും നാഥാ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും, സ്തുതിക്കുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു."

4. ഈശോ നേതൃത്വം സ്വീകരിച്ച്, എല്ലാവരെയും ക്ഷണിക്കുന്നു:

   "നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം"

5. ആരാധന : എല്ലാവരും സ്വരമുയർത്തി ജേഷ്ഠസഹോദരനോടുകൂടി പിതാവിനെ ആരാധിക്കുന്നു. സ്വർഗ്ഗസ്ഥരുടെ വാക്കുകളിൽത്തന്നെ:

   "പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളെ അനുഗ്രഹിക്കണമേ" ( 3 പ്രാവശ്യം)

6. കാർമ്മികൻ സമാഹരിക്കുന്നു : (എല്ലാവരുംകൂടി പ്രഘോഷിച്ചത് സമാഹരിച്ചുകൊണ്ട്)

   "വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശു

ദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവെ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഇങ്ങനെ അരൂപിയിലും സത്യത്തിലുമുള്ള ആരാധന പൂർത്തിയായി. ഇനി പിതാവു വിളമ്പിത്തരുന്ന അനുദിന ഭോജന ഭോജങ്ങളാണ് ആരംഭിക്കുക.

3. അനുദിനഭോജനം : (ആരാധന കഴിഞ്ഞപ്പോൾ ആരംഭത്തിൽ നാം അഭ്യർത്ഥിച്ച അനുദിന ഭോജനം പിതാവു നമുക്കു നൽകുന്നു. ആദ്യം ലിഖിതവചനം അനന്തരം മാംസള വചനം)

i. ലിഖിതവചന ഭോജനം

1. ഒരുക്കം : ലിഖിത വനചഭോജനത്തിനായി നമ്മുടെ ബുദ്ധിയേയും മനസ്സിനെയും പ്രകാശിപ്പിക്കണമെന്ന് പിതാവിനോടുള്ള അപേക്ഷ വഴിയായി നാം ഒരുങ്ങുന്നു.

   “ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ തിരുസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും, ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമെ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങൾ രക്ഷ പ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമെ”

2. വായന : കാലത്തിന്റെയും ദിവസത്തിന്റെയും ചൈതന്യത്തിൽ നാം ദിവ്യസുതന്റെ വ്യക്തിത്വത്തിലേയ്ക്കു വളരുവാനായി.

   1. ആദ്യ തന്നെ പഴയനിയമത്തിലെ ചരിത്രഗ്രന്ഥങ്ങൾ, പ്രവചനഗ്രന്ഥങ്ങൾ, പ്രബോധനഗ്രന്ഥങ്ങൾ എന്നിവയിൽനിന്നും, പുതിയ നിയമത്തിലെ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ, ലേഖങ്ങൾ അഥവാ വെളിപാട് എന്നിവയിൽനിന്നു.

(N.B. പ്രത്യേകാവസങ്ങളിൽ, മുൻപറഞ്ഞവയിൽനിന്നെല്ലാം അല്ലെങ്കിൽ പലതിൽനിന്നും, സാധാരണ ദിവസങ്ങളിൽ ഏതെങ്കിലും ഒന്നിനിന്ന്)

2. രണ്ടാമതായി. ലോകത്തിന്റെ പ്രകാശമായ ദൈവസുതന്റെ അധരങ്ങളിൽനിന്ന് അടർന്നുവീണ സുവിശേഷഭാഗങ്ങളിൽനിന്നും പ്രസക്തമായ ഭാഗങ്ങൾ വായിക്കുന്നു.

3. സ്വാംശീകരണം : വായിച്ചുകേട്ട പ്രബോധനങ്ങൾ, ധ്യാനിച്ചു സ്വാംശീകരിക്കുന്നു.

4. കാവോസൂസാ : ഈ ഭോജനം ജീവിതത്തിലേയ്ക്കു പകർത്തുവാനായി സ്ഥലകാല സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന പ്രത്യേക സഹായങ്ങൾ നാം അപേക്ഷിക്കുന്ന ഭാഗമാണിത്. ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. അവ മൗനമായോ, ശ്രാവ്യമായോ ഓരോരുത്തരും പിതാവിനെ ഉണർത്തിക്കുന്നു. ഇവിടെ സ്വയം പ്രേരിത പ്രാര്ത്ഥനകൾക്കു തീർച്ചയായും സ്ഥാമുണ്ട്. – അവസാനം കാർമ്മികൻ എല്ലാവരുടെയും പേർക്കു സമാഹരിച്ചു പ്രാർത്ഥിക്കുന്നു.

5. ആശീർവ്വാദം അനാഗതരുടെ വിടവാങ്ങലും : ആദ്യകാലങ്ങളിൽ മാമ്മോദീസക്കായി ഒരുങ്ങിക്കൊണ്ടിരുന്നവരും, ദിവ്യപൂജയിൽനിന്ന് ലിഖിതവചനഭക്ഷണം സ്വീകരിക്കുമായിരുന്നു. പക്ഷെ അവർ അതു കഴിയുമ്പോൾ വിടവാങ്ങും. മാംസളവചന ഭോജനം, മാമ്മോദീസാവഴി ദൈവസുതരായിത്തീർന്നിട്ടുള്ളവർക്ക് മാത്രമുള്ളതാണ്. മുൻപറഞ്ഞവർ വിടവാങ്ങുന്നതിനു മുമ്പായി എല്ലാവർക്കും വേണ്ടി ഒരു ആശീർവ്വാദം, നാം പിതാവിൽ നിന്നഭ്യർത്ഥിക്കുന്നു. തലകുനിച്ച്, എല്ലാവരും ആശീർവ്വാദം സ്വീകരിക്കുന്നു. ‘‘കർത്താവായ ദൈവമേ, സാർവ്വത്രികവും ശ്ലൈഹികവുമായ സഭയിൽ അങ്ങേ കരുണയേറിയ വലംകൈ നീട്ടണ

മേ. രഹസ്യവും പരസ്യവുമായ എല്ലാ വിപത്തുക ളിൽ നിന്നും അതിനെ സംരക്ഷിക്കുണമേ. ഭക്തി യോടും ശ്രദ്ധയോടും വിശുദ്ധയോടുംകൂടെ അങ്ങ യുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.....

ഈ ആശീർവ്വാദം സ്വീകരിച്ച് അനാഗതർ പിൻവാങ്ങുന്നു. ഇതോടെ ലിഖിതവചനഭോജനം അവസാനിച്ചു. തുടർന്ന് മാംസള വചന ഭോജനം.

ii. മാംസളവചനഭോജനം

(1) ഒരുക്കങ്ങൾ : പുതിയ ഉടമ്പടി ബലിയാണല്ലോ പെസ ഹാക്കുഞ്ഞാടിന്റെ തിരുശരീര രക്തങ്ങളാകുന്ന തിരുവത്താഴം നമുക്ക് ഒരുക്കിത്തരുന്നത്. ആ ഭോജനം പിതാവു നല്കുന്നത്, സെഹിയോൻ ഊട്ടു ശാലയിലെ ആ നിത്യബലി, ദിവ്യബലിപീഠത്തിൽ പുനരവതരിപ്പിച്ചു കൊണ്ടാണ്. അനഘമായ ആ നിമിഷത്തിനായി, സുദീർഘമായ ഒരു ഒരുക്കമുണ്ട്. നമ്മുടെ ദിവ്യബലിക്രമത്തിൽ – വ്യക്തിപരമായ ഒരു ക്കം, കാഴ്ചവസ്തുക്കളുടെ ഒരുക്കം, സമ്മേളനത്തി ന്റെതന്നെ ഒരുക്കം.

1. വ്യക്തിപരമായ ഒരുക്കം

   a) ബുദ്ധിയും മനസ്സും പിതാവ് പഠിപ്പിച്ചിട്ടുള്ള വിശ്വാ സസത്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് ഒരുങ്ങുന്നു: “സർവ്വശക്തനായ പിതാ...

   b) മന:സാക്ഷിയും ഹൃദയവും ഒരുക്കുന്ന പ്രാർത്ഥന: “മന:സാ,ക്ഷിയെ നിർമ്മലമാക്കിക്കൊണ്ടും ഹൃദ യത്തെ വെടിപ്പാക്കിക്കൊണ്ടും വി. സ്ഥലത്തു പ്രവേശിച്ച് ബലിപീഠത്തിനു മുമ്പിൽ ഭക്തിയോടെ വ്യാപരിക്കുവാൻ കർത്താവേ, ഞങ്ങളെ അനുഗ്ര ഹിക്കണമേ....

   c) ശരീരശക്തികളെയെല്ലാം, മൂന്ന് അഗാധാചരങ്ങൾ വഴി പൂർണ്ണായി പിതാവിനും സമർപ്പിക്കുന്നു. അധ

രങ്ങൾകൊണ്ട് അവിടത്തെ ചുംബിക്കുന്നു (അൾത്താരയെ കാർമ്മികൻ എല്ലാവരുടേയും പേർക്ക് ചുംബിക്കുമ്പോൾ, എല്ലാവരും ആത്മനാ പിതാവിനെയാണ് ചുംബിക്കുന്നത്)

2. കാഴ്ചവസ്തുക്കളുടെ ഒരുക്കം

a) അപ്പവും വീഞ്ഞും ബേസ്ഗസ്സാകളിൽ ഒരുക്കി അവ, പ്രദക്ഷിണമായി ബലിപീഠത്തിലേയ്ക്കു കൊണ്ടുവരുന്നു.

b) അവ കൈകാര്യം ചെയ്യാനുള്ള കരങ്ങൾ കഴുകുന്നു: 'സകലത്തിന്റെയും നാഥനായ ദൈവം തന്റെ അനുഗ്രഹമാകുന്ന ജലത്തിൽ നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ....

c) അവ പിതാവിനു സമർപ്പിക്കുന്നു: നമ്മുടെ രക്ഷക്കുവേണ്ടി തന്നെതന്നെ ബലിയർപ്പിക്കുകയും, തന്റെ പീഢാനുഭവത്തിന്റെയും മരണത്തിന്റേയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാവഴി, പിതാവായ ദൈവം, ഈ ബലി നമ്മുടെ കരങ്ങളിൽ നിന്നു സ്വീകരിക്കുമാറാകട്ടെ!

3. സമ്മേളനത്തിന്റെ ഒരുക്കം:

N.B. കാഴ്ചവസ്തുക്കൾ ഉയർത്തുമ്പോൾ തന്നെ ഒരു ചിന്ത മനസ്സിൽ ഉയരുന്നു.

Mt. 5/23-24 : സഹോദരനോടു പകവച്ചു പുലർത്തിയിരുന്ന കായേന്റെ ബലി ദൈവത്തിന് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട്.

കാർമ്മികൻ കാഴ്ചവസ്തുക്കൾ താഴ്ത്തി അൾത്താരയിൽവെച്ച് ശോശപ്പാകൊണ്ടു മൂടുന്നു. സാഹോദര്യത്തിന്റെ അന്തരീക്ഷം സുരക്ഷിതമാക്കിയിട്ടേ, ഇനി മുന്നോട്ടുള്ളു.

a) ആദ്യമേ സമ്മേളനം പൂർത്തിയാക്കുന്നു: പ. കന്യകമുതൽ സ്വർഗ്ഗസ്ഥർ എല്ലാവരുടേയും, സഹന സഭ

യേയും ബലിപീഠത്തിൽ അണിനിരത്തുന്നു. "പിതാവിനും പുത്രനും.... സ്തുതി! പ. കന്യകാമറിയത്തേയും നീതിമാനായ്...."

b) സമ്മേളനം പൂർത്തിയാക്കുമ്പോൾ, സമ്മേളനത്തിന്റെ Magnificat :

"ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങളെക്കുറിച്ച് അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. അയോഗ്യരും പാപികളുമായിരുന്നിട്ടും. അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ പരികർമ്മത്തിന് ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവ്വം അങ്ങു യോഗ്യരാക്കി.....

c) സമാധാന ശുശ്രൂഷ : കാർമ്മികൻ : "നിങ്ങൾക്കു സമാധാനം. തുടർന്ന് എല്ലാവരും പരസ്പരം സമാധാനം നൽകുന്നു. ഇപ്പോൾ തീർച്ചയായി – സമാധാനാന്തരീക്ഷം സുരക്ഷിതമാണെന്ന്.

4. ഇനി പൂജ തുടരാം :

കാഴ്ചവസ്തുക്കളിൽ നിന്ന് ആവരണം മാറ്റുന്നു. ശോശപ്പാകൊണ്ടു കാഴ്ചവസ്തുകൾക്ക് ഒരു സംരക്ഷണവലയം സൃഷ്ടിക്കുന്നു.

5. ഏറ്റവും അടുത്ത ഒരുക്കം :

c) Horizontal Level - ൽ സമാധാനം സുനിശ്ചിതമായതോടെ, Vertical Level ൽ നിന്നുള്ള അനുഗ്രഹങ്ങൾ വർഷിക്കപ്പെടുകയായി. കാഴ്ചവസ്തുക്കൾ പിതാവിനു സ്വീകാര്യമായി. "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും" അവയിലേക്കിറങ്ങുന്നു. അവയിന്മേൽ കാർമ്മികൻ കുരിശുവരക്കുന്നു.

b) ശ്രദ്ധാകേന്ദ്രീകരണത്തിന് ആഹ്വാനം :

നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക്....

പ്രത്യുത്തരം : പിതാക്കന്മാരായ അബ്രാഹത്തിന്റെയും....

ദൈവത്തിന്റെ പക്കലേക്ക്.

c) പ്രഖ്യാപനം :

സകലത്തിന്റെയും നാഥനായ ദൈവത്തിനു കുർബ്ബാന അർപ്പിക്കപ്പെടുന്നു.

d) സമാഹാരം :

ഒരുക്കങ്ങളെല്ലാം സമാഹരിച്ചുകൊണ്ട് കാർമ്മികൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു: കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിൽനിന്നും... വിമുക്തിമാക്കണമെ... പരസ്പര സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുകർമ്മം പ്രത്യാശാപൂർവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

ഒരുക്കങ്ങൾ കഴിഞ്ഞു : അനന്ഘനിമിഷത്തിലേയ്ക്കു നാം പ്രവേശിക്കുകയായി.

2) അനർഘനിമിഷങ്ങൾ : (ഉടമ്പടിയുടെ ബലി പുനരവതരിപ്പിക്കപ്പെടുന്നു)

N.B. : അദ്യമേതന്നെ ഈ മഹാനുഗ്രഹത്തിന്റെ ദാതാവായ അത്യുന്നതനെ, നാം സ്വർഗ്ഗഗണത്തോടുകൂടെ സ്തുതിക്കുന്നു. പിന്നെ അവിടുത്തെ അനുഗ്രഹങ്ങൾ നാം അനുസ്മരിക്കുന്നു.

1. സ്തുതിസ്തോത്രം : (സ്വർഗ്ഗവാസികളോടുകൂടെ) “പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രീത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമം എല്ലാ സൃഷ്ടികളിൽനിന്നും ആരാധനയും കൃതജ്ഞതയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവിടുന്ന് ലോകത്തെയും അതിലുള്ള സകലത്തെയും കനിവോടെ സൃഷ്ടിക്കുകയും മനുഷ്യവർഗ്ഗത്തോടു കരുണ കാണിക്കുകയും ചെയ്തു. (ഏശയ്യാക്കുണ്ടായ ദർശനം അനുസ്മരിക്കുന്നു. Is. 6/1:13 Gen. 28/16 17) സ്വർഗ്ഗവാസികളുടെ

ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. പരിശുദ്ധരും അരൂപികളുമായ ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്ന് നാഥനായ അങ്ങേക്ക വർ ആരാധന സമർപ്പിക്കുന്നു. ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട് അവർ ഒന്നു ചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു : പരിശു ദ്ധൻ, പരിശുദ്ധൻ....

N.B. : ഈ സ്വർഗ്ഗസ്ഥരുടെ കീർത്തനങ്ങളോടുകൂടെ, ദൈവജനം ഒന്നുചേർന്ന് ഭൂമിയിൽ നിന്നുള്ള ഗീതം ആലപിക്കുന്നു: ഒശാന, ഓശാന....

ഇനിനിടെ കാർമ്മികൻ തന്റെ അയോഗ്യതാബോധത്താൽ, ഏശയ്യായുടെയും യാക്കോബിന്റെയും വാക്കുക ളിൽ ദൈവത്തെ പുകഴ്ത്തുന്നു; സ്വയം താഴ്ത്തു ന്നു. "എന്റെ സ്ഥിതി എത്ര ദുർഭഗം! ഞാൻ അസ്വ സ്ഥനായിരിക്കുന്നു..." ഇങ്ങനെ സ്വയം താഴ്ത്തി ക്കൊണ്ട് അദ്ദേഹം ദൈവത്തിന്റെ ആശീർവാദവും സഹോദരരുടെ അപേക്ഷയും യാചിക്കുന്നു. കർത്താവേ ആശീർവ്വദിക്കണമേ, എന്റെ സഹോദ രരെ ഈ കുർബ്ബാന എന്റെ കരങ്ങൾ വഴി പൂർത്തി യാക്കുവാൻ വേണ്ടി നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

2. അനുഗ്രഹങ്ങളുടെ അനുസ്മരണകളും പുതിയ ഉടമ്പ ടിയുടെ ബലിയുടെ പുനരവതരണവും.

   a) ആകമാനാനുഗ്രഹങ്ങൾ! കർത്താവേ, എളിയവരും ബലഹീനരുമായ ഈ ദാസരും സ്വർഗ്ഗീയ ഗണങ്ങ ളോടുചേർന്ന് അങ്ങയെ സ്തുതിക്കുന്നു. എന്തുകൊ ണ്ടെന്നാൽ നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്ത വിധം അത്ര വലിയ അനുഗ്രഹമാണ് അങ്ങു ഞങ്ങൾക്കു നൽകിയിരിക്കുന്നത്. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ദൈവിക ജീവ നിൽ ഞങ്ങളെ പങ്കകാരാക്കുവാൻ:

1. അങ്ങു ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും,
2. അധ:പതിച്ചുപൊയ ഞങ്ങളെ സമുദ്ധരിക്കുകയും,
3. മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു.
4. പാപികളായ ഞങ്ങളെ കടങ്ങൾ പൊറുത്തു വിശുദ്ധീകരിച്ചു.
5. ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നൽകി.
6. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി,
7. ദുർബ്ബലരായ ഞങ്ങളെ അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്താൽ സമ്പന്നരാക്കുകയും ചെയ്തു.

b) എല്ലാ അനുഗ്രഹങ്ങളുടെയും കേന്ദ്രമായ ദിവ്യസുതന്റെ പീഡാനുഭവം:

ഇത് അനുസ്മരിക്കുന്നതോടെ ആ മഹോന്നതബലി, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ദിവ്യബലി പീഠത്തിൽ പുനരവതരിപ്പിക്കപ്പെടുന്നു. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രൻ....

c) എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്ന കല്പന പിതാവിനെ സാക്ഷിനിർത്തിക്കൊണ്ടു സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ടിക്കുകയും ചെയ്യുന്നു. കർത്താവായ ദൈവമേ, ഈ മാതൃക പരമ്പരാഗതമായി....

3. സമർപ്പണം : പിതാവു നമുക്കു നൽകിയ ഈ അമൂല്യ ദാനം തന്നെ അവിടത്തേയ്ക്കു നാം സമർപ്പിക്കുന്നു. ഇതിലും വലുതെന്ന് നമുക്കു നൽകാനില്ല. അവിടുത്തേയ്ക്കു പ്രിയങ്കരവുമല്ല. പരി.പിതാവു മുതൽ മരിച്ചുപോയ നമ്മുടെ സഹോദരർവരെ ഓരോരുത്തർക്കും വേണ്ടി അതു നാം സമർപ്പിക്കുന്നു. കർത്താവേ ശക്തനായ ദൈവമേ....

4. അഭ്യർത്ഥനകൾ : ഈ അമൂല്യ സമർപ്പണത്തിന്റെ അടിസ്ഥാനത്തിൽ, നമുക്കാവശ്യമായ അനുഗ്രഹങ്ങൾ

നാം എണ്ണിയെണ്ണി അപേക്ഷിക്കുന്നു. കർത്താവായ ദൈവമേ....

1. ദൈവമാതാവായ കന്യകാ മറിയത്തിന്റെയും ഈ സമർപ്പണം വഴി നിന്നെ പ്രസാദിപ്പിച്ച നീതി മാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാരുടെയും പാവനസ്മരണ നിന്റെ സന്നിധിയിൽ ഉണ്ടാകട്ടെ.

2. ജീവിതകാലം മുഴുവൻ നിന്റെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമെ.

3. നീ മാത്രം യഥാർത്ഥ പിതാവായ ദൈവമാകുന്നുവെന്നും എല്ലാ മനുഷ്യരും അറിയട്ടെ.

4. നിന്റെ പ്രിയപുത്രനായ ഈശോമിശിഹായെ നീ അയച്ചുവെന്നും എല്ലാ മനുഷ്യരും അറിയട്ടെ.

5. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷം വഴി.... എല്ലാവർക്കും ആവശ്യമായ വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചു കന്നുവെന്നും എല്ലാ മനുഷ്യരും അറിയുവാൻ ഇടയാകട്ടെ.

6. നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.

5. സ്വീകരണം : പരിശുദ്ധാത്മാവു വന്നു കഴിയുമ്പോൾ തുടർന്നുള്ള നേതൃത്വം അവിടുന്ന് ഏറ്റെടുക്കുന്നു. അവിടുത്തെ നേതൃത്വത്തിൽ നാം :

a) ഈശോയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

b) ഈശോയുടെ സമാധാനത്തിനായി പ്രാർത്ഥിക്കുന്നു: സ്വർഗ്ഗവാസികളുടെ ആനന്ദവും ഭൂവാസികളുടെ പ്രതീക്ഷയുമായ മിശിഹായെ....

c) സ്വീകരണത്തിനായി ഒരുങ്ങുന്നു :

1. ഹൃദയം അനുതാപ സങ്കീർത്തനത്താൽ : Ps. 51 :

"ദൈവമേ എന്നോടു കരുണ തോന്നണമേ....

2. ബുദ്ധിയും മനസ്സും തിരുവേസ്തിയിലുള്ള വിശ്വാസ പ്രഖ്യാപനത്താൽ : സജീവവും ജീവദായകവുമായ ഈ അപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങിയതും....

3. തിരുവോസ്തി വിഭജിച്ചുകൊണ്ട് ഈശോയുടെ മരണത്തെയും ഉയിർപ്പിനെയും അവ വഴി നമുക്കു കൈവന്ന സ്വർഗ്ഗഭാഗ്യത്തെയും അനുസ്മരിച്ചുകൊണ്ട്.

4. സഹോദരങ്ങളുമായി സമാധാനത്തിന്റെ കാറോസൂസ വഴി സമാധാന മന:സ്ഥിതി പ്രകടമാക്കിക്കൊണ്ട്.

5. പിതാവിനോട് ദിവ്യഭോജനം ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇത്തവണ അതിന്റെ ഉദ്ദേശ്യവും കൂടി സ്പഷ്ടമാക്കുന്നു. നിർമ്മല ഹൃദയത്തോടും പ്രസന്നവദനത്തോടും മനോ വിശ്വാസത്തോടുംകൂടി സദാ അങ്ങയുടെ സന്നിധിയിൽ വ്യാപരിക്കുവാൻ...

6. സ്വീകരണം : പ്രധാന പുരോഹിതൻ തന്റെ ശരീരവും രക്തവുമായി, തന്റെ സാക്ഷാൽ ദേവാലയത്തിൽ, അതിന്റെ വിശുദ്ധിയുടെ വിശുദ്ധസ്ഥലമായ ഹൃദയത്തിൽ പ്രവേശിക്കുന്നു. രക്തം കൊണ്ട് ഹൃദയത്തെ അഭിഷേകിക്കുന്നു. അതു പിതാവിന് സമർപ്പിച്ച് ‘‘പിതാവേ, ഇതാ ഈ രക്തംകൊണ്ട് അങ്ങേക്കായി നേടിയെടുത്ത ആത്മാവ്, ഈ ഹൃദയം അങ്ങയുടെ വാസസ്ഥലമാണ്. ഇറങ്ങിവരൂ. ഈ രക്തംകൊണ്ട് ഇതിന്റെ കടങ്ങളെല്ലാം വീട്ടിക്കഴിഞ്ഞു. ഇതിനെ ആശ്ലേഷിക്കൂ; ഇതിൽ അധിവസിക്കൂ. എന്റെ ശരീര രക്തംകൊണ്ട് ഈ ഇളയ മകനെ / മകളെ പോഷിപ്പിക്കൂ. എന്റെ വ്യക്തിത്വത്തിലേയ്ക്ക് അതിനെ വളർത്തു എന്നപേക്ഷിക്കുന്നു. പിതാവ് ഇറങ്ങിവരുന്നു; ആശ്ലേഷിക്കുന്നു. പുത്രനോടും പരിശുദ്ധാത്മാവോടും കൂടെ അധിവ

സിക്കുന്നു. പരിപോഷിപ്പിക്കുന്നു; വളർത്തുന്നു; വികസിപ്പിക്കുന്നു.

4. കൃതജ്ഞതാപ്രകടനം

1. കാർമ്മികൻ തുടങ്ങിയിടുന്നു ; ''മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായെ, പീലാസായിൽനിന്ന് അങ്ങേ ശരീരം ഭക്ഷിക്കുകയും കാസയിൽനിന്ന്....

2. ജനം തുടരുന്നു: സഹനം വഴിയായി മരണത്തിന്മേൽ ശാശ്വത വിജയം നേടിയ നാഥാ...

3. ശുശ്രൂഷി സമാഹരിക്കുന്നു : "പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ കുർബ്ബാനയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്ക് ഒരുമിച്ച് അതിന്റെ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

   സമൂഹം : അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ അങ്ങേയ്ക്കു സ്തുതി.

4. കാർമ്മികൻ : എല്ലാം സമാഹരിച്ചുകൊണ്ട് ആദ്യം പരി. ത്രീത്വത്തിനും, പിന്നെ ഈശോയ്ക്കു നേരിട്ടും കൃതജ്ഞത സമർപ്പിക്കുന്നു.

   a) പരി. ത്രിത്വത്തിന് : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, കടങ്ങളുടെ മോചനത്തിനായി കാരുണ്യപൂർവ്വം ഞങ്ങൾക്കു നല്കിയ... ഈ ദിവ്യദാനത്തെക്കുറിച്ച്, അങ്ങയുടെ മഹനീയ ത്രീത്വത്തിനുസ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും, നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാക്കുന്നു.

   b) മിശിഹായ്ക്ക് : മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായെ, പരിശുദ്ധവും ജീവദായകവും ദൈവീകവുമായ ഈ കുർബ്ബാന വഴി ഞങ്ങളുടെ കടങ്ങൾ മോചിക്കുന്ന കർത്താവേ, അങ്ങയുടെ

ആരാധ്യമായ ഈ ദാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നു.

5. ആശീർവ്വാദവും വിടവാങ്ങലും
    1. ആശീർവ്വാദം : ന. ക. ഈശോമിശിഹാവഴി .....
    2. വിടവാങ്ങൽ : വന്ദനം ബലിപീഠമേ, പൂജ്യമാം ബലിപീഠമേ.....

### അനുബന്ധം 2

## കർമ്മെല സിദ്ധി

എന്താണ് കർമ്മെല സിദ്ധി? പ്രാർത്ഥനയോ? പ്രാർത്ഥനയ്ക്കുള്ള സിദ്ധിയില്ലാത്ത എതൊരു സന്യാസിയാണുള്ളത് ? അത് കർമ്മെല സഭയുടെ മാത്രം പ്രത്യേകതയാണെന്ന് ആരും വകവച്ചു തരില്ല. പ്രണിധാനമായിരിക്കുമോ അത്? എല്ലാ പ്രണിധാന പ്രധാന സഭകൾക്കും പ്രണിധാന സിദ്ധി പൊതുവാണെന്നു സമ്മതിക്കേണ്ടതുണ്ട്. അത് കർമ്മെല സഭയുടെ മാത്രം പ്രത്യേകതയായി പരിഗണിക്കാവുന്നതല്ല.

സിദ്ധിദാതാവായ ദൈവം തന്നെ നേരിട്ടോ ചരിത്രത്തിലൂടെയോ വെളിപ്പെടുത്തിയാലേ, ഇതു സംബന്ധിച്ച് അസന്നിദ്ധമായ അറിവ് നമുക്കു ലഭിക്കൂ. നേരിട്ടുള്ള വെളിപാടിന്റെ അഭാവത്തിൽ നമുക്ക് ചരിത്രത്തിലേയ്ക്കിറങ്ങി നോക്കാം.

ചരിത്ര സാക്ഷ്യം

1. ബി.സി. 11–ാം നൂറ്റാണ്ടിൽ ഇസ്രായേൽ ജനതാ മദ്ധ്യേ രൂപം കൊണ്ട ഒരു പ്രസ്ഥാനമാണ് "പ്രവാചക സംഘങ്ങൾ." സാമുവേൽ ദീർഘദർശിയുടെ വാർദ്ധക്യദശയിൽ ഇസ്രായേൽ ജനത്തിലെ ഒരു ഭാഗം തങ്ങൾക്കൊരു രാജാവിനെ വേണമെന്ന് അദ്ദേഹത്തോടാവശ്യപ്പെട്ടു. ശത്രുക്കളാൽ വലയം

ചെയ്യപ്പെട്ടിരുന്ന ഇസ്രായേൽ ജനത്തിന്റെ സുരക്ഷിതത്വത്തിന്  ഒരു രാജാവിന്റെ നേതൃത്വവും സുശക്തമായ സൈന്യസഹായവും ആവശ്യമാണെന്നു ദീർഘകാലത്തെ തിക്താനുഭവം അവരെ പഠിപ്പിച്ചിരുന്നു. എങ്കിലും അത് ദൈവാധിപത്യത്തെ ലാഘവപ്പെട്ടുത്തുമെന്ന ഭയം മറ്റു പലരിലും ഉളവായി. ജനശ്രദ്ധ യാഹ്വേ ഭക്തിയിലേയ്ക്കു തിരിക്കുന്നതിനും അവിടത്തോടുള്ള തീക്ഷ്ണതയിൽ തങ്ങളെത്തന്നെയും മറ്റുള്ളവരെയും എരിയിക്കുന്നതിനുമായി ഭക്തരായ പലരും ഒരുമിച്ചുകൂടി വിജാതിയരുടെ പ്രവാചകസംഘങ്ങളെ അനുകരിച്ച് വാദ്യമേളങ്ങളും ഗാനനൃത്തങ്ങളും അതിനുള്ള മാർഗ്ഗമായി സ്വീകരിച്ചു. പക്ഷെ ഈ പ്രസ്ഥാനം കാലാന്തരത്തിൽ പൊതുജനത്തിന്റെ അവജ്ഞക്കു വിഷയമായി. കാരണം ഗാനനൃത്തിങ്ങളിലും ആവേശത്തിലും പാരവശ്യങ്ങളിലുമുള്ള അവരുടെ കവിച്ചലുകൾ പലപ്പോഴും സഭ്യേതരമായിത്തീർന്നിരുന്നു (Cfr. 1  സാമുവേൽ  10/5, 10-12).

ഈ പ്രതിസന്ധിയിൽനിന്നു പ്രവാചകപ്രസ്ഥാനത്തെ, ആഴമായ പ്രാർത്ഥനയിലേക്കുള്ള നേതൃത്വം നൽകി ഉദ്ധരിച്ചത്, ബി.സി. 8-ാം നൂറ്റാണ്ടിൽ  കർമ്മെല മലയിൽ വസിച്ചിരുന്ന ഏലിയാനിവ്യായാണ്. ആഴമായ പ്രണിധാനത്തിൽ രൂപംകൊണ്ട "പ്രവാചക പുത്രന്മാർ" അഥവാ "പ്രവാചക ശിഷ്യർ", ഗാനമേളകളുടെയും വാദ്യനൃത്തങ്ങളുടെയും മാദ്ധ്യമം കൂടാതെ സാക്ഷാൽ ദൈവദർശികളും ദൈവത്തെ പ്രതിയുള്ള   തീക്ഷ്ണതയാൽഎരിയുന്നവരുമായി വളർന്നുവന്നു. ഏലിയായ്ക്കു ശേഷം ഏലീശാ ദീർഘദർശി അവരുടെ നേതൃത്വം ഏറ്റെടുത്തു (Cfr. 1 Kgs. 18/19-21; 2 Kgs. 2/1-12; 4/38-44; 6/1-7). ഏശയ്യായുടെ ശിഷ്യഗണം "പ്രവാചക ശിഷ്യരുടെ" തുടർച്ചയായിരുന്നു.

അങ്ങനെ ബി.സി. 11-ാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രവാചനക പ്രാർത്ഥനയുടെ പ്രതിസന്ധിയിൽനിന്ന് ദൈവജനത്തെ രക്ഷിച്ചത് കർമ്മെലയിലെ ഏലിയാ പ്രവാചകനായിരുന്നു. (സാക്ഷാൽ പ്രവാചക പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയ കർമ്മെലയിലെ പ്രവാചകൻ).

2. ഏ.ഡി. 16-ാം നൂറ്റാണ്ടിൽ ദൈവജനം മറ്റൊരു പ്രാർത്ഥനാ പ്രതിസന്ധിയെ നേരിടേണ്ടിവന്നു. യൂറോപ്പിൽ പ്രത്യേകിച്ച് സ്പെയിൻ. ഇറ്റലി മുതലായ രാജ്യങ്ങളിൽ വ്യജമിസ്റ്റിക്കുകളുടെ ബാഹുല്യം മൂലം, മിസ്റ്റിക് പ്രാർത്ഥന ജനതാമദ്ധ്യേ സംശയങ്ങൾക്കും അവജ്ഞക്കും വിഷയമായി തദവസരത്തിൽ സാക്ഷാൽ മിസ്റ്റിക് പ്രാർത്ഥനയ്ക്കു തിരുസഭയിൽ നേതൃത്വം നൽകാൻ ദൈവപാലന ഉയർത്തിയത് കർമ്മെലയിലെ രണ്ട് ഉജ്ജ്വലതാരങ്ങളെയാണ്. ആവിലായിലെ വി. ത്രേസ്യായെയും, കുരിശിന്റെ വി. യോഹന്നാനെയും. അന്നു മുതൽ ഇന്നുവരെയും. അവർ തിരുസഭയിൽ മിസ്റ്റിക്ക് പ്രാർത്ഥനയുടെ അനിഷേദ്ധ്യ നേതാക്കളായി വിരാജിക്കുന്നു.

3. എ.ഡി. 19-ാം നൂറ്റാണ്ടുവരെ, കേരള സഭ കേവലം മച്ചിയായി കഴിയുവാൻ ഇടയായത് അവളുടെ പ്രാർത്ഥനാജീവിതത്തിലെ ദാരിദ്ര്യമായിരുന്നു. തന്മൂലം കേരള സഭയിൽ വൈദികർക്കുപോലും ഒരു സന്യാസഭവനമില്ലായിരുന്നു. ഉള്ള വൈദികർ പണ്ഡിതരായിരുന്നില്ല. അവരിൽ നിന്നു മെത്രാന്മാരില്ലായിരുന്നു. വടക്കുനോക്കികളെപ്പോലെ ബാബേലിൽ നിന്നും രക്ഷയും പാർത്തു കഴിഞ്ഞിരുന്ന ദൈവച്ചിന്റെ അജഗണം! വളരെ താമസിച്ചുമാത്രം വിശ്വാസം സ്വീകരിച്ച മറ്റു രാജ്യങ്ങളിൽ പുണ്യാത്മാക്കൾ പെരുകിവന്നപ്പോൾ കേരള സഭയ്ക്ക്, വിശ്വാസത്തിൽ 19 നൂറ്റാണ്ടുകൾ അവൾ പിന്നിട്ടു

കഴിഞ്ഞെങ്കിലും, ഒരു പുണ്യവാന്റേയോ പുണ്യവതിയുടെയോ മാതാവാകാൻ ഭാഗധേയം ലഭിച്ചിരുന്നില്ല.

ഈ പ്രതിസന്ധിയെ വിലയിരുത്തി അന്നതെത കത്തോലിക്കാവൈദികരെയും കുടുംങ്ങളെയും പ്രാർത്ഥനോന്മുഖരായ്ക്കി തീർത്തുന്നതിനുള്ള നേതൃത്വത്തിനായി ദൈവപരിപാലയ തിരഞ്ഞെടുത്തത്. കർമ്മെലായിലെ വാഴ്ത്തപ്പെട്ട ചാവറയെ ആയിരുന്നു. തൽഫലമായി കേരള സഭ പ്രാർത്ഥനാനിരതയായി താമസംവിനാ, ദൈവവിളികളുടെ വറ്റാത്ത ഉറവിടമായിത്തീർന്നു. ഇന്നും ആ ഉറവിടം ആകമാന സഭയെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്നു.

4. ഏ.ഡി. 20-ാം നൂറ്റാണ്ടിന്റെ പൂർവ്വഘട്ടിത്തിൽ, ഒന്നാം ലോകമഹായുദ്ധത്തിന്റെ അനന്തരഫലമെന്നോണം യൂറോപ്പിലാകെ പ്രാർത്ഥനാജീവിതം തകർന്നുപോയി. ആ പ്രതിസന്ധിയിൽ ലളിതവും എന്നാൽ വിശ്വാസത്തിൽ അടിയുറച്ചതുമായ ഒരു പ്രാർത്ഥനാജീവിതത്തിന് - ശൈശവാത്മക പ്രാർത്ഥനയ്ക്കു - തിരുസഭയിലാകെ നേതൃത്വം നല്കുവാൻ ദൈവപരിപാലന തിരഞ്ഞെടുത്തത് കർമ്മെലയിലെ വി. കൊച്ചുത്രേസ്യായെ ആയിരുന്നു. ഇന്നും ആ പ്രാർത്ഥനാരീതി തിരുസഭയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഈ ചരിത്രവസ്തുകൾ അസന്നിദ്ധമായി സാക്ഷിക്കുന്നു: കർമ്മെലയിലെ സിദ്ധി പ്രാർത്ഥനയും പ്രണിധാനവും അതോടൊപ്പം, തിരുസഭയുടെ പ്രതിസന്ധികളിൽ, ദൈവജനത്തെ കൊകൊടുത്തുയർത്തുന്ന പ്രാർത്ഥനാ നേതൃത്വവുമാണെന്ന്.

ഇന്നത്തെ പ്രതിസന്ധി : ഇന്ന് ഭൂമുഖത്തുനിന്ന് പാപബോധം തിരോധാനം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് ലോക മന:സാക്ഷിയുടെ സൂക്ഷിപ്പുകാരായ മാർപ്പാപ്പമാരും (Pius XII, Paul VI, J. Paul II), സമൂഹത്തെ

വിലയിരുത്തുന്ന ദൈവശാസ്ത്രജ്ഞന്മാരും വില പിക്കുന്നു. അതേസമയം ഇന്നത്തെ തലമുറ ദൈവാനുഭവത്തിനായി മുറവിളികൂട്ടുന്നു.

ഈ പ്രതിസന്ധിയിൽ ദൈവപരിപാലനയുടെ ശ്രദ്ധക്രമീകരണമനുസരിച്ച് കർമ്മെലയിലെ വാഴ്ത്തപ്പെട്ട ചാവറ മരിക്കുന്നതിനു രണ്ടുവർഷം മുമ്പ് എഴുതിവച്ച കയ്യെഴുത്തു ഗ്രന്ഥങ്ങളിലെ പ്രാർത്ഥനാ രീതി നേതൃത്വത്തിനായി എത്തുന്നുവെന്നുവേണം വിശ്വസിക്കുവാൻ. അദ്ദേഹം വാഴ്ത്തപ്പെട്ടവനെന്നു പ്രഖ്യാപിക്കപ്പെടാൻ ദൈവപരിപാലന ഈ കാലസന്ധിവരെ – 20–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ – താമസം വരുത്തിയതും മുൻപറഞ്ഞ ഗ്രന്ഥങ്ങളുടെ മുദ്രണവും പ്രചാരണവും ഈ മുഹൂർത്തം വരെ താമസിപ്പിച്ചതും, പ്രസ്തുത നേതൃത്വത്തെ ചൂണ്ടികാണിക്കാനായിരിക്കില്ലേ? കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കുന്നതിൽ വൈദഗ്ദ്യമുള്ളവർ വിധിക്കട്ടെ.

ഈ നേതൃത്വം ഇന്ന്, വാഴ്ത്തപ്പെട്ട ചാവറയുടെ പേർക്കും നമ്മ്ുടെ സ്വന്തം നിലയിലും, ആകമാന സഭയ്ക്കു പ്രദാനം ചെയ്യുവാൻ കടപ്പെട്ട നാം, ഇനിയും പ്രസ്തുത പ്രാർത്ഥനാ രീതിയുടെ രേഖകൾ നമ്മുടെ ഈടുവയ്പിൽ സൂക്ഷിച്ചു വയ്ക്കാതെ ജനസാമാന്യത്തിന് ഉദാരമായി നൽകുകയും , അത് അവർക്ക് പരിചയപ്പെടുത്തുവാൻ രംഗത്തിറങ്ങുകയും, അങ്ങനെ നമ്മിലെ കർമ്മെല സിദ്ധിയെ പ്രവർത്തനനിരതമാക്കുകയും ചെയ്യേണ്ടതല്ലേ? ഇതാ നമുക്കുള്ള വെല്ലുവിളി!

N.B. : പ്രസ്താവിത പ്രാർത്ഥനാ രീതിയുടെ സംക്ഷേപം pp 20-21 ൽ കാണുക.